FOR PRIVATE CIRCULATION ONLY

KERALA CATHOLIC BISHOPS' COUNCIL'S
COMMISSION FOR SOCIAL HARMONY & VIGILANCE

# JAGRATHA NEWS

245th Issue

June, 2016



**Chairman**
Bp. Joshua Mar Ignathios

**Vice Chairmen**
Rt. Rev. Stanley Roman
Mar Sebastian Adayanthrath

**Secretary**
Fr. Saju Kuthodiputhenpurayil CST

**Pastoral Orientation Centre**
Palarivattom, Kochi – 25
Phone +91 484 2806262
e-mail: kcbcshvjjj@gmail.com
www.kcbcshvjjj@gmail.com
Blog: Jagrathakcbc.blogspot.com

## പ്രധാന വാർത്തകൾ

സഭാശുശ്രൂഷകർ മാറ്റത്തിന് തയ്യാറാകണം ............................ 02
ബിഷപ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്

'സ്നേഹത്തിന്റെ സന്തോഷം':
സന്തോഷത്തിൽ വളരാൻ .................................................... 03
ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

കുടുംബങ്ങളെ തൊട്ടറിഞ്ഞ്.........
ഫ്രാൻസീസ് പാപ്പായുടെ സ്നേഹത്തിന്റെ സന്തോഷം .......... 04
ഫാ. പോൾ മാടശ്ശേരി

ദയാവധം കാരുണ്യമോ ക്രൂരതയോ? ........................................ 05
മാർ ആൻഡ്രൂസ് താഴത്ത്

നിയസഭാ തിരഞ്ഞെടുപ്പ് ഫലം:
അഴിമതിക്കും വർഗീയതയ്ക്കുമെതിരെ .................................. 06

പ്രാർത്ഥന പോലെ ഈ അവയവദാനം .................................. 06

സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തെക്കുറിച്ച്
കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ
വിലയിരുത്തലും മുന്നറിയിപ്പും ................................................ 07

കെസിബിസി പ്രസ്താവനകൾ ...................................................... 08–10

ദയാവധം നിയമവിധേയമാക്കാനുള്ള നീക്കം ഉപേക്ഷിക്കണം .................. 08

സമ്മതിദാനാവകാശം ജാഗ്രതയോടെ വിനിയോഗിക്കണം .......................... 08

കെ.സി.ബി.സി.യുടെ പേരിൽ വ്യാജ അഭ്യർത്ഥന പ്രചരിപ്പിക്കുന്നു ........ 09

യോഗാദിനം: അനാവശ്യ നിർബന്ധങ്ങൾ ഒഴിവാക്കണം ............................ 09

പുതിയ സർക്കാർ പൊതുനന്മയ്ക്ക് മുൻഗണന നല്കണം ........................ 09

ദയാവധം: യഥാർഥ വെല്ലുവിളി ദുരുപയോഗം ........................................ 09

വിദ്യാഭ്യാസരംഗത്ത് സർക്കാരിന്റെ
ക്രിയാത്മക നടപടികളെ പിന്തുണയ്ക്കും ............................................ 10

മോറൽ സയൻസ് അവാർഡുകൾ വിതരണം ചെയ്തു ................................ 10

വാർത്തകൾ .................................................................................. 10–12

## സന്ദേശം

**(കുടുംബത്തെക്കുറിച്ചുള്ള ഫ്രാൻസിസ് പാപ്പായുടെ അപ്പസ്തോലിക പ്രബോധനമായ 'സ്നേഹത്തിന്റെ സന്തോഷ'ത്തെക്കുറിച്ച് 2016 ജൂൺ 4ന് പി.ഒ.സി.യിൽ നടത്തിയ ഏകദിന പഠനശിബിരം ഉദ്ഘാടനം ചെയ്ത് ബിഷപ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് നല്കിയ സന്ദേശത്തിന്റെ സംക്ഷിപ്തം)**



കുടുംബത്തെക്കുറിച്ചുള്ള ഫ്രാൻസിസ് പാപ്പായുടെ അപ്പസ്തോലിക പ്രബോധനമായ 'സ്നേഹത്തിന്റെ സന്തോഷ' ത്തെക്കുറിച്ച് പി. ഒ. സി. നടത്തിയ പഠനശിബിരം ബിഷപ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് ഉദ്ഘാടനം ചെയ്യുന്നു. ശ്രീമതി വെരോണിക്ക, ഫാ. പോൾ മാടശ്ശേരി, ഫാ. വർഗീസ് വള്ളിക്കാട്ട്, ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ, ഡോ. ജോർജ് ലിയോൺസ്, ഫാ. ഷിബു സേവ്യർ ഒസിഡി എന്നിവർ സമീപം.

# സഭാശുശ്രൂഷകർ മാറ്റത്തിന് തയ്യാറാകണം

**ബിഷപ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ഐക്യജാഗ്രതാകമ്മീഷൻ)

**ഫ്രാ**ൻസിസ് മാർപാപ്പായുടെ സ്നേഹത്തിന്റെ സന്തോഷം എന്ന കുടുംബത്തെക്കുറിച്ചുള്ള അപ്പസ്തോലിക പ്രബോധനത്തിന്റെ 'കണ്ണ്' കണ്ടത്തെണം. കുടുംബത്തിൽ ഉണ്ടായിരിക്കേണ്ട സ്നേഹത്തൊക്കറിച്ചും, സ്നേഹത്തിൽ വളരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുമാണ് ഈ പ്രബോധനരേഖയിൽ പ്രതിപാദിക്കുന്നത്.

കുടുംബസ്നേഹത്തെക്കുറിച്ച് സമഗ്രമായി വിശകലനം ചെയ്യുന്ന പാപ്പ, കുടംബപ്രശ്നങ്ങൾക്ക് പ്രതിവിധിയായി നൈയാമിക വിധിതീർപ്പുകളേക്കാൾ യാഥാർത്ഥ്യബോധമുള്ള വിലയിരുത്തലുകൾക്കും, മാനസാക്ഷിയുടെ സ്വരത്തിനും പ്രാധാന്യം നല്കുന്ന പുതിയ അജപാലന ദർശനം ഉൾകൊള്ളണമെന്ന് ആഹ്വാനം ചെയ്യുന്നു. ഫ്രാൻസിസ് മാർപാപ്പായുടെ ഈ ആഹ്വാനം ഉൾക്കൊണ്ട് തിരുസഭയുടെ പരമ്പരാഗത ശൈലിയിൽ നിന്ന് ഒരു പാരഡൈം ഷിഫ്റ്റിന് സഭാശുശ്രൂഷകർ തയ്യാറാകണം.

വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലും പാളിച്ചകൾ സംഭവിച്ചവരെ ഭ്രഷ്ട് കല്പിച്ച് മാറ്റി നിറുത്തുന്നതിനുപകരം അവരെ ചേർത്തുപിടിക്കാനും സംവാദത്തിലൂടെ അവരിലെ ക്രിസ്തു സാന്നിധ്യം വളർത്താനും ശ്രമിക്കണം. കാലഘട്ടത്തിനും, സംസ്കാരത്തിനും അനുസൃതമായ ഒരു അജപാലന സമീപനം ആവശ്യമാണ്. ആദ്ധ്യത്മികവും സമൂഹികവുമായ ഉൾക്കാഴ്ചയിൽ മാത്രമല്ല തിരുസഭയുടെ പ്രവർത്തനശൈലിയിലും മാറ്റംവരേണ്ടതുണ്ട്. കാലഘട്ടത്തിന് ചേർന്ന സുവിശേഷകരാകാനുള്ള ആഹ്വാനമാണ് പാപ്പാ നല്കുന്നത്.

# "സ്നേഹത്തിന്റെ സന്തോഷം":
# സന്തോഷത്തിൽ വളരാൻ

**വി**ശ്വാസവും സന്തോഷവും നഷ്ടപ്പെടരുത് എന്ന നിർബന്ധബുദ്ധിയോടെ ഫ്രാൻസിസ് മാർപാപ്പ തയാറാക്കിയതാണ് സ്നേഹത്തിന്റെ സന്തോഷം എന്ന പ്രബോധന രേഖ. കുടുംബങ്ങളെക്കുറിച്ച് 2014ലു 2015ലും നടന്ന സിനഡുകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ തയാറാക്കിയ ഈ അപ്പസ്തോലിക പ്രബോധനം രണ്ടു വർഷങ്ങളിലെ നിരന്തരമായ പഠനത്തിന്റെ ഫലമാണ്. 2016 മാർച്ച് 19ന് മാർ യൗസേപ്പിന്റെ തിരുനാൾ ദിനത്തിലാണ് പാപ്പാ ഈ പ്രബോധനരേഖയിൽ ഒപ്പുവച്ചത്. തുടർന്ന് ഏപ്രിൽ 8-ന് പ്രസിദ്ധീകരിക്കുകയും ചെയ്തു. പരമ്പരാഗത സഭാപ്രബോധനങ്ങളുടെ ശൈലിയിൽ നിന്ന് വ്യതിചലിച്ച് മാർട്ടിൻ ലൂദർ കിംഗിനെയും എറിക് ഫ്രോമിനെയും മാത്രമല്ല സിനിമാസംഭാഷണവും (Babette's Feast) ഉദ്ധരിക്കുന്ന പ്രബോധന രേഖ നവീനങ്ങളായ ആശയങ്ങളാൽ സമ്പന്നവും സഭയുടെ അജപാലനത്തിനു പുതിയ ദിശാബോധം നൽകുന്നതുമാണ്.

ഈ പ്രബോധനരേഖ വിവാഹത്തിന്റെ അവിഭാജ്യതയും ഐക്യവും വിശ്വസ്തതയും തുറവിയും എല്ലാം കാത്തുസൂക്ഷിക്കുന്നുണ്ട്. അതേസമയം ഇത് കുടുംബത്തെക്കുറിച്ചുള്ള പുതിയ ഒരു ഡോഗ്മായോ പഠിപ്പിച്ചെടുക്കാൻ പ്രയാസമുള്ള പുതിയ ഒരു ഡോക്ട്രിനോ അല്ല. പ്രത്യുത കുടുംബത്തിൽ ഉണ്ടായിരിക്കേണ്ട സ്നേഹത്തെക്കുറിച്ചാണ് പാപ്പാ സംസാരിക്കുന്നത്. സ്നേഹത്തിൽ വളരേണ്ടതിന്റെ ആവശ്യകതയാണ് ആദ്യന്തം ഈ പഠനം മുന്നോട്ടുവയ്ക്കുന്നത്. ഈ താക്കോൽ ഉപയോഗിച്ചാന് ഈ പ്രബോധനം തുറക്കേണ്ടത്. സഭയുടെ പരമ്പരാഗത വിശ്വാസസത്യങ്ങളെ മുറുകെപ്പിടിക്കുമ്പോഴും കാലഘട്ടത്തോട് സർഗാത്മകമായി സംവേദിക്കേണ്ടതിന്റെ അനിവാര്യതയെ തിരിച്ചറിയുന്നു എന്നതാണ് ഫ്രാൻസിസ് പാപ്പായുടെ ഈ പ്രബോധന രേഖയുടെ അതുല്യമായ വൈശിഷ്ട്യം. വരും കാലത്തേക്കുള്ള രവമൂല്യേ ആണിത്. കുടുംബങ്ങൾക്കുവേണ്ടിയുള്ള പുതിയ ഭരണഘടനയാണ് പാപ്പാ തയാറാക്കിയിട്ടുള്ളത്.

ഒന്നാം അദ്ധ്യായം (8-30 ഖണ്ഡികകൾ) കുടുംബജീവിതത്തിന്റെ ധാർമീകതയ്ക്കുള്ള വിശുദ്ധഗ്രന്ഥ അടിസ്ഥാനം നിർവ്വഹിക്കാനാണ് നീക്കിവയ്ക്കപ്പെട്ടിരിക്കുന്നത്. യഹൂദ, ക്രൈസ്തവ വിവാഹ കർമ്മങ്ങളിൽ ഉപയോഗിക്കുന്ന 128-ാം സങ്കീർത്തനത്തിന്റെ വിശകലനത്തിലൂടെയാണ് ഈ ആശയത്തെ പ്രബോധന രേഖയിൽ അവതരിപ്പിക്കുന്നത്. ദൈവവചനം അമൂർത്തമായ ആശയങ്ങളുടെ കൂമ്പാരമല്ല. പ്രയാസങ്ങളിലും പ്രതിസന്ധികളിലും സുരക്ഷിതത്വവും അഭയവും ആകേണ്ടത് തിരുവചനമാണ്.

പ്രബോധന രേഖയുടെ രണ്ടാം അദ്ധ്യായം (31-57 ഖണ്ഡികകൾ) കുടുംബജീവിതം അഭിമുഖീകരിക്കുന്ന കാലിക പ്രതിസന്ധികളെക്കുറിച്ച് യാഥാർഥ്യബോധത്തോടെയുള്ള വിലയിരുത്തലാണ്. തിരുവചനത്തിൽ ഉറച്ചുനിന്നുകൊണ്ട് പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ പാപ്പാ പഠിപ്പിക്കുന്നു. പ്രശ്നങ്ങളൊന്നുമില്ല എന്ന മിഥ്യാബോധവും പ്രശ്നങ്ങൾ മാത്രേമേയുള്ളൂ എന്ന നിഷേധാത്മക നിലപാടും യാഥാർഥ്യവുമായി ബന്ധമില്ലാത്തതാണ്. നാം ഇന്ന് അഭിമുഖീകരിക്കുന്ന കുടുംബജീവിതപ്രതിസന്ധികളെ എളിമയോടെയും യാഥാർഥ്യ ബോധത്തോടെയും അംഗീകരിക്കുന്നതുതന്നെ പ്രശ്നപരിഹാരത്തിനുള്ള ദിശാസൂചിയാണെന്ന് മാർപാപ്പ വ്യക്തമാക്കുന്നു. യാഥാർത്ഥ്യബോധമുള്ള വിലയിരുത്തലുകൾ കുടുംബപ്രതിസന്ധികളുടെ പരിഹാരത്തിന് അനിവാര്യമാണ്.



**ബിഷപ്
ജോസഫ് കല്ലറങ്ങാട്ട്**

കുടുംബജീവിതത്തെക്കുറിച്ചുള്ള കേവലം അമൂർത്തവും നൈയാമികവുമായ ആശയങ്ങൾ വച്ചുകൊണ്ട് കുടുംബപ്രതിസന്ധികൾ പരിഹരിക്കാനാവില്ല. വിവാഹത്തിന്റെ ഇത്തരത്തിലുള്ള കൃത്രിമ ദൈവശാസ്ത്ര മാതൃകകൾ ദമ്പതികളെ അനാവശ്യമായി ഭാരപ്പെടുത്തുന്നതും ജീവിത യാഥാർഥ്യവുമായി ബന്ധമില്ലാത്തതുമാണ്. പ്രവാസികളുടെ പ്രശ്നം മുതൽ ലിംഗവ്യത്യസത്തിന്റെ നിഷേധം വരെയുള്ള ഒരുപിടി പ്രശ്നങ്ങൾ ഇവിടെ ചർച്ചചെയ്യുന്നുണ്ട്. ജീവന്റെ നിഷേധം, ആപേക്ഷികതാ മനോഭാവത്തിന്റെ കടന്നുകയറ്റം, അമിതമായ ശാസ്ത്രീയയാഭിമുഖ്യം, തൊഴിലില്ലായ്മ, അശ്ലീല ചിത്രദർശനം, കുട്ടികളുടെ ദുരുപയോഗം, മുതിർന്നവരോടുള്ള അവഗണന, സ്ത്രീകളോടുള്ള അവഗണന, ഭിന്നശേഷി ഉള്ളവരോടുള്ള അവഗണന എന്നിങ്ങനെ നീണ്ട ഒരു പട്ടിക പരിഗണനയ്ക്കെടുക്കാൻ പാപ്പാ തയ്യാറായി. താത്വികവും ധാർമ്മികവുമായ പഠനങ്ങൾവഴി മാത്രം കുടുംബപ്രശ്നങ്ങൾ തീർക്കാനാവില്ല. മനസാക്ഷിയെ മാറ്റി പ്രതിഷ്ഠിക്കുകയല്ല, ശരിയായ മനസാക്ഷി രൂപീകരണമാണ് ഇവിടെ ആവശ്യം(37). ഈ പ്രബോധന രേഖയുടെ മൂന്നാമധ്യായം കുടുംബജീവിതത്തിന്റെ പരമ്പരാഗത ക്രൈസ്തവ മൂല്യങ്ങളെ അടിവരയിട്ടു സമർഥിക്കുന്നതാണ്. വിവാഹത്തിന്റെ അവിഭാജ്യത കൗദാശികമാനം, സ്നേഹം ചൊരിയൽ, ജീവൻ പകരൽ, കുഞ്ഞുങ്ങളുടെ പരിപാലനം തുടങ്ങിയ അടിസ്ഥാന വിഷയങ്ങളിൽ സഭയുടെ പാരമ്പര്യ പ്രബോധനത്തെ നെഞ്ചോടു ചേർത്തു പിടിക്കാനാണ് ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്യുന്നത്. ഫ്രാൻസിസ് പാപ്പ സഭയുടെ പരമ്പരാഗത വിശ്വാസത്തിൽ വള്ളിയോ പുള്ളിയോ മാറ്റം വരുത്തിയിട്ടില്ല എന്ന് ഈ പ്രബോധന രേഖ ചൂണ്ടിക്കാട്ടുന്നു. ഒപ്പം കൂടുതൽ തുറവിയുള്ള കാഴ്ചപ്പാടുകളിലേക്ക് നമ്മെ നയിക്കുന്നുമുണ്ട്. വിവാഹം ഒരു സാമൂഹ്യ വ്യവസ്ഥിതി മാത്രമല്ല അത് ഒരു ദൈവവിളിയാണ്. ദമ്പതികളുടെ വിശുദ്ധീകരണത്തിനും രക്ഷയ്ക്കുവേണ്ടിയാണിത്. വിവാഹത്തിലേർപ്പെടുന്നതും, കുടംബ രൂപീകരിക്കുന്നതും ദൈവവിളിക്കനുസൃതമായ തീരുമാനമാണ്. കുടുംബത്തിന്റെ സുവിശേഷം കണ്ടെത്താനുള്ള പരിശ്രമമാണത്. .... **(ദീപിക 17/4/2016) തുടരും........**

# കുടുംബങ്ങളെ തൊട്ടറിഞ്ഞ് .........
# ഫ്രാൻസീസ് പാപ്പായുടെ സ്നേഹത്തിന്റെ സന്തോഷം

**2014** ലും 2015 ലും ഫ്രാൻസീസ് മാർപാപ്പ വിളിച്ചുകൂട്ടിയ കുടുംബത്തെക്കുറിച്ചുള്ള രണ്ടു സിനഡുകളുടെയും അന്തിമ റിപ്പോർട്ടുകൾ ഉൾപ്പെടുത്തികൊണ്ടുള്ള കുടുംബത്തിലെ സ്നേഹത്തെക്കുറിച്ചുള്ള സ്നേഹത്തിന്റെ സന്തോഷം (Amoris Laetitia) എന്ന അപ്പോസ്തോലിക ആഹ്വാനം കഴിഞ്ഞ ഏപ്രിൽ 8 ന് പുറത്തിറങ്ങി. ഇതിൽ ലൈംഗീകതസംബന്ധിച്ചും, കുടുംബപ്രശ്നങ്ങൾ സംബന്ധിച്ചും സഭയുടെ പഠനത്തിൽ ഏറെ മാറ്റങ്ങൾ വരുന്നുവെന്ന ചില മാധ്യമങ്ങളുടെ ആദ്യഘട്ടനിരീക്ഷണം ശരിയല്ല. എന്നാൽ, ഇത്തരത്തിലുള്ള വിഷയങ്ങൾ പരിഗണിക്കുമ്പോഴും, വ്യക്തികളോട് ഇടപഴുകുമ്പോഴും വേണ്ടതായ ക്രിസ്തീയ പരിഗണനയും കാരുണ്യവും സംബന്ധിച്ച ഏറെ ഓർമ്മപ്പെടുത്തലുകളുണ്ട്. തന്റെ മുൻഗാമികളായ മാർപാപ്പമാരുടെ പ്രമാണരേഖകളും പ്രബോധനങ്ങളും ഒരു മാറ്റവും കൂടാതെ ഉൾച്ചേർക്കുവാൻ പാപ്പാ ഇതിൽ ശ്രദ്ധിക്കുന്നു. അതോടൊപ്പം തന്റെ തന്നെ അസംഖ്യം പ്രബോധനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, മുൻ അപ്പസ്തോലികലേഖനങ്ങളിലെന്നപോലെ ലോകത്തിന്റെ പലഭാഗങ്ങളിലും നടന്ന എപ്പിസ്കോപ്പൽ സമ്മേളനങ്ങളുടെ സംഭാവനകളെയും ഇതിൽ ഉൾപ്പെടുത്തുന്നു. ചട്ടങ്ങളല്ല, കാരുണ്യമാണ് അജപാലകരെ നയിക്കേണ്ടതെന്നും കാരുണ്യവർഷത്തിലെ ഈ അപ്പോസ്തോലികാഹ്വാനം അടിവരയിടുന്നു. കർക്കശമായ ഒരാദർശത്തെ മുന്നോട്ടുവയ്ക്കുമ്പോഴും, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടും സമരിയാക്കാരി സ്ത്രീയോടും ഇടപെടുന്ന വേളയിൽ, മനുഷ്യവ്യക്തികളുടെ ദൗർബല്യത്തോട് ആർദ്രതാപൂർവ്വമായ സഹാനുഭൂതിയും അവരോട് അടുപ്പവും കാണിച്ച യേശുവിനെ മാതൃകയാക്കാൻ പാപ്പ ആഹ്വാനം ചെയ്യുന്നു.

325 ഖണ്ഡികകൾ 9 അദ്ധ്യായങ്ങളിലായി ക്രമപ്പെടുത്തിയിരിക്കുന്നു. അവതാരികയായി നൽകിയിരിക്കുന്ന ഏഴു ഖണ്ഡികകൾ അടിയന്തിരമായി അഗാധമായ പഠനം ആവശ്യമുള്ള ഈ വിഷയത്തിന്റെ സങ്കീർണ്ണതയെ വ്യക്തമായി അവതരിപ്പിക്കുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിലെ 'ഗൗദിയും ഏത്ത് സ്പെസ്', പോൾ ആറാമൻ മാർപാപ്പയുടെ 'ഹ്യുമാനെ വീത്തെ', ജോൺ പോൾ രണ്ടാമന്റെ 'ഫമിലിയാരിസ് കൺസോർഷ്യോ' എന്നിവയിൽനിന്നെല്ലാം ഇവിടെ ധാരാളം ഉദ്ധരണികളുണ്ട്. സ്നേഹം കുടുംബത്തിൽ നിന്നാണ് ആരംഭിക്കേണ്ടത്. കുടുംബമാണ് സ്നേഹത്തിന്റെ ഉറവിടം. കുടുംബത്തിലെ സ്നേഹത്തെ കലർപ്പില്ലാത്ത, ദൃഢമായ വാക്കുകളിൽ ശ്രദ്ധയോടും മൃദുവായും വിശദീകരിക്കുന്ന ഭാഗങ്ങളുടെ ഒരു സമാഹാരം തന്നെ നമുക്കിതിൽ കാണാൻ കഴിയുന്നു.

മനുഷ്യബന്ധങ്ങളിൽ വച്ച് ആദ്യത്തെ ബന്ധവും, മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളിൽ ഏറ്റവും ദൃഢമായതും ഭാര്യ-ഭർതൃബന്ധമാണ്. അമോരിസ് ലെത്തീസ്യാ അണുകുടുംബത്തിലല്ല ശ്രദ്ധ കേന്ദ്രീകരിക്കുന്നത് എന്നതാണ് ഇതിന്റെ മറ്റൊരു പ്രത്യേകത. ധാരാളം ബന്ധങ്ങളുള്ള വിപുലമായ ഒരു കുടുംബശൃംഖലയെയാണ് കുടുംബം എന്നത് കൊണ്ട് പാപ്പാ വിഭാവന ചെയ്യുന്നത്. അതിൽ മാതാപിതാക്കൾ, മക്കൾ, സഹോദരങ്ങൾ, ആന്റിമാർ, അങ്കിൾമാർ, കസിൻസ്, ബന്ധുക്കളുടെ ബന്ധുക്കൾ ഇവരൊക്കെ ഉൾപ്പെടുന്നു. കുട്ടികളുടെ രൂപീകരണത്തെക്കുറിച്ച് -അവരുടെ സന്മാർഗ രൂപീകരണം, ശിക്ഷ ഉൾപ്പെടെയുള്ള ശിക്ഷണപരിശീലനം, ക്ഷമാപൂർവ്വമുള്ള യാഥാർത്ഥ്യബോധം, ലൈംഗികവിദ്യാഭ്യാസം, വിശ്വാസം പകർന്നു നൽകൽ, കുടുംബജീവിതം ഒരു വിദ്യാഭ്യാസപശ്ചാത്തലമായി കരുതൽ - വളരെ വിശദമായിത്തന്നെ മാർപാപ്പ ഇതിന്റെ ഏഴാം അധ്യായത്തിൽ പ്രതിപാദിക്കുന്നു. ഓരോ ഖണ്ഡികയിലും ഉൾക്കൊള്ളുന്ന പ്രായോഗികവിജ്ഞാനം ഏറെ ശ്രദ്ധേയമാണ്. എല്ലാറ്റിനുമുപരി, മനസ്സിലാക്കാനും സ്വീകരിക്കാനും അംഗീകരിക്കാനും ഉതകുന്ന അനുക്രമമായ ചെറുചുവടുകൾക്ക് പരിശുദ്ധ പിതാവ് ഏറെ പ്രാധാന്യം നൽകിയിരിക്കുന്നു. എന്നാൽ ഒബ്സെഷൻ - അമിതവ്യഗ്രത - നല്ലതല്ല. ഒരു കുട്ടി കടന്നുപോകുന്ന എല്ലാ അനുഭവങ്ങളും നിയന്ത്രിക്കുക എന്നത് സാധിക്കുന്ന ഒന്നല്ല. മക്കൾ ഓരോ സമയത്തും എവിടെയാണെന്നും, എന്തെടുക്കയാണെന്നും അറിയണമെന്ന് നിർബന്ധം പിടിച്ചാൽ നിശ്ചയമായും മക്കൾ അധികാരത്തെ തിരസ്കരിക്കുക തന്നെ ചെയ്യും എന്ന് പാപ്പ ഓർമ്മിപ്പിക്കുന്നു. കുട്ടികൾക്ക് ശരിയായ ലൈംഗീക വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകതയയും പാപ്പ വ്യക്തമാക്കുന്നു.



**ഫാ. പോൾ മാടശ്ശേരി**
സെക്രട്ടറി, കെസിബിസി
ഫാമിലി കമ്മീഷൻ

ഫ്രാൻസീസ് പാപ്പയുടേതായി ചില പുത്തൻ അജപാലന സമീപനങ്ങൾകൂടി പങ്കുവയ്ക്കുവാൻ ഇതിൽ അദ്ദേഹം ശ്രദ്ധിക്കുന്നുണ്ട്. കുടുംബങ്ങൾ സുവിശേഷവത്ക്കരിക്കപ്പെടണമെന്നു മാത്രമല്ല, കുടുംബങ്ങൾ മറ്റുള്ളവരെകൂടി സുവിശേഷവത്ക്കരിക്കണം. അഭിക്ഷിക്തരായ ശുശ്രൂഷകർക്ക് ഇന്നത്തെ കുടുംബങ്ങൾ നേരിടുന്ന സങ്കീർണങ്ങളായ പ്രശ്നങ്ങളെ കൈകാര്യം ചെയ്യാനുള്ള പരിശീലനത്തിന്റെ അഭാവത്തെക്കുറിച്ചും മാർപാപ്പാ ഖേദിക്കുന്നു. ഉപേക്ഷിക്കപ്പെട്ടവരെയും, വേർപിരിഞ്ഞ് ഇരിക്കുന്നവരെയും, വിവാഹമോചനം ലഭിച്ച വ്യക്തികളെയും അനുയാത്ര ചെയ്യുന്നതാണ് മറ്റൊരു കാര്യം. സ്വവർഗാനുരാഗികളായ കുടുംബാംഗങ്ങളെ ആദരവോടും കരുണയോടുംകൂടി വീക്ഷിക്കാനും അവരോട് അക്രമം, വേർതിരിവ്, ഒറ്റപ്പെടുത്തൽ എന്നിങ്ങനെയുള്ള പെരുമാറ്റശൈലികൾ ഒഴിവാക്കാനും ഉദ്ബോധിപ്പിക്കുന്നു. പ്രിയപ്പെട്ടവരുടെ വേർപാടിനെയും വൈധവ്യത്തെയും കുറിച്ച് പരാമർശിക്കുന്ന 'മരണത്തിന്റെ ദംശന'ത്തെ സംബന്ധിച്ചുള്ള വിചിന്തിനം അജപാലനപരമായി ഏറ്റം ഹൃദയസ്പർശിയാണ്. തിരുക്കുടുംബത്തോടുള്ള പ്രാർത്ഥനയോടെ അവസാനിക്കുന്ന ഈ അപ്പോസ്തോലികാഹ്വാനം സംസാരിക്കുന്നത് അനുഭവങ്ങളുടെയും പ്രത്യാശയുടെയും ഭാഷയാണ്.

# ദയാവധം കാരുണ്യമോ ക്രൂരതയോ?

മാറാരോഗം, ദുസ്സഹമായ വേദന തുടങ്ങിയവ അനുഭവിക്കുന്നവർക്കു തങ്ങളുടെ ജീവിതം അന്തസോടെ അവസാനിപ്പിക്കാൻ അവകാശമുണ്ടെന്നും അതിനു സഹായിക്കാൻ ഡോക്ടർമാർക്കു നിയപരമായി അനുവാദം നല്കണമെന്നുമുള്ള വാദം പല രാജ്യങ്ങളിലും ശക്തമാണ്. ഇത് അംഗീകരിച്ചു കിട്ടുന്നതിനു വേണ്ടി പ്രവർത്തിക്കുന്ന പല അന്താരാഷ്ട്ര സംഘടനകളുമുണ്ട്. രോഗിയുടെ അഭ്യർഥനയനുസരിച്ച് കാരുണ്യവധം നടത്താൻ ഡോക്ടർമാർക്ക് അധികാരം നൽകുന്ന നിയമനിർമാണം 1993ൽ ഹോളണ്ടിൽ നടക്കുകയുണ്ടായി, അവിടെ പ്രതിവർഷം പതിനായിരത്തിലധികം പേർ ദയാവധത്തിന് ഇരയാകുന്നുണ്ടെന്നാണ് കണക്ക്.

കാരുണ്യവധം അതിൽത്തന്നെ ആത്മഹത്യയോ കൊലപാതകമോ ആണ്. അതുകൊണ്ടുതന്നെ ഒഴിവാക്കേണ്ട പ്രവൃത്തിയാണ്. പ്രതീക്ഷയറ്റ മാറാരോഗികൾ കാരുണ്യവധം ആവശ്യപ്പെടുമ്പോൾ യഥാർഥ്യത്തിൽ അവർ തേടുന്നതു ക്രൂരമായ വധമല്ല, മറിച്ച് അവർ തങ്ങളുടെ നിരാശയിൽ സ്നേഹത്തിനുവേണ്ടി നിലവിളിക്കുകയാണ്.

എവുത്തനേഷ്യ (Euthanisa) എന്ന ഗ്രീക്കു പദമാണു വൈദ്യശാസ്ത്രം കാരുണ്യവധം എന്ന സങ്കല്പം സൂചിപ്പിക്കാൻ ഉപയോഗിക്കുന്നത്. ഇതിന്റെ മൂലാർഥം സമാധാനപരവും മാന്യവുമായ മരണമെന്നാണ്. മരണാസന്നരായ രോഗികളുടെ കഠിനമായ സഹനവും ആകുലതയും കുറയ്ക്കാൻ ഡോക്ടർ നൽകുന്ന പരിചരണം എന്നാണതുകൊണ്ട് ഉദ്ദേശിച്ചിരുന്നത്. എന്നാൽ, ഇന്നതിനു വളരെ വ്യത്യസ്തമായ അർഥമാണുള്ളത്.

മാരകമായ രാഗാവസ്ഥയിലും വേദന അനുഭവിക്കുമ്പോഴും രോഗിയെ മരിക്കാൻ ഡോക്ടർ സഹായിക്കുന്ന കൃത്യമാണ് ഇന്ന് ഈ പദം കൊണ്ട് അർഥമാക്കുക. വിശ്വാസം സംരക്ഷണത്തിനുവേണ്ടിയുള്ള വത്തിക്കാൻ സംഘം കാരുണ്യവധത്തെ സംബന്ധിച്ചു 1980ൽ നൽകിയ പ്രഖ്യാപനം (Declaration on Euthanisa) നൽകുന്ന നിർവചനം പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

ഒരു വ്യക്തിയുടെ കഠിനമായ സഹനത്തിനു വിരാമം കുറിക്കാൻ അയാളുടെ മരണം ലക്ഷ്യംവച്ചു ചെയ്യുന്ന പ്രവൃത്തിയോ, ജീവൻ നിലനിർത്താൻ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതിരിക്കലോ ആണ് കാരുണ്യവധം. ഈ നിർവചനത്തിന്റെ പശ്ചാത്തലത്തിൽ കാരണ്യവധത്തെ രണ്ടുതരത്തിൽ വീക്ഷിക്കാം.

1. രോഗിയുടെ ജീവിതം നീട്ടിക്കൊണ്ടു പോകാൻ സഹായിക്കുന്ന പരിചരണവും ചികിത്സയും നിർത്തിവയ്ക്കുകവഴി മരണം ത്വരിതപ്പെടുത്താൻ ഇതു പരോക്ഷമായ കാരുണ്യവധമാണ്.
2. ഡോക്ടറുടേയോ മറ്റോ സഹോയത്തോടെ മരണത്തെ ത്വരിതപ്പെടുത്താൻ സഹായകമാകുന്ന ഉപാധികൾ സ്വീകരിക്കൽ, ഇതാണു പ്രത്യക്ഷമായ കാരുണ്യവധം.

ഇവ രണ്ടും രോഗിയുടെ സമ്മതത്തോടെയോ അല്ലാതെയോ നിർവഹിക്കാൻ കഴിയും. സ്വമനസാലെയുള്ള കാരുണ്യവധം രോഗിയുടെ പൂർണമായ തീരുമാനത്തോടും അനുവാദത്തോടും കൂടെ നടത്തപ്പെടുന്നതുകൊണ്ട് അത് അനുവദനീയമാണെന്നു വാദിക്കുന്നവരുണ്ട്. തീരുമാനമെടുക്കാൻ കഴിവില്ലാത്തവർക്കു വേണ്ടി അവരുടെ മാതാപിതാക്കളുടെയോ മറ്റോ അഭ്യർഥനപ്രകാരം ദയാവധം നടത്തുന്നവരിൽ തെറ്റുകാണാത്തവരുമുണ്ട്. രേഗിയുടെ അഭ്യർഥനപ്രകാരം ചെയ്യുന്ന ദയാവധം ആത്മഹത്യയുടെയും അതില്ലാതെയുള്ളതു കൊലപാതകത്തിന്റെയും സ്വാഭാവം ഉൾക്കൊള്ളുന്നുവെന്ന കാര്യം പ്രത്യേക ശ്രദ്ധയർഹിക്കുന്നു.



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ ആർച്ച് ബിഷപ്

കാരുണ്യവധം നടത്താനുള്ള നിയമാനുവാദം നൽകണമെന്ന വാദം ഉന്നയിക്കുന്നവർ അതൊരു ധാർമിക പ്രശ്നമായി കാണുന്നില്ല. ഒരു വ്യക്തിക്ക് അന്തസോടെ മരിക്കാനുള്ള അവകാശം ഉറപ്പുവരുത്തണമെന്നാണ് അവർ പറയുന്നത്. രോഗവും മറ്റും മൂലം ജീവിതം ദു:ഖപൂർണവും ദുരിതം നിറഞ്ഞതുമാകുമ്പോൾ മരണം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഒരു വ്യക്തിക്ക് ഉണ്ടെന്നാണ് അവരുടെ വാദം അതു നടപ്പിലാക്കാനുള്ള വൈദ്യസഹായം രോഗിക്കു വേണം. അതിനു ഡോക്ടർക്കു നിയമപരമായ പരിരക്ഷ വേണം. രണ്ടു കാരണങ്ങളാണ് അവർ ഇതിനായി ഉന്നയിക്കുന്നത്.

1. കടുത്ത വേദന സഹിക്കുന്നവരോടുള്ള സഹാനുഭൂതി
2. ജീവിതത്തിന്റെ ഗുണനിലവാരം (Quality of life) പുലർത്താൻ സാധിക്കാത്തവരോടുള്ള അനുകമ്പ

മരണത്തിലൂടെ തന്റെ വേദനയ്ക്കും തീരാരോഗത്തിനും അന്ത്യംകുറിക്കാൻ വ്യക്തിക്കു അവകാശമുണ്ടെന്നു വാദിക്കുന്നവർ മരണത്തിന് ഇരയാകുന്ന വ്യക്തിയുടെ അപേക്ഷയും സമ്മതവും നിർബന്ധ വ്യവസ്ഥകളായിരിക്കണമെന്നു പറയുന്നു.

ഇതിനൊരു മറുവശമുണ്ട്. ഒരു വ്യക്തി തന്റെ സ്വതന്ത്രമായ തീരുമാനഫലമായി രൂപപ്പെടുത്തിയതല്ല സ്വന്തം ജീവൻ. അതുകൊണ്ടുതന്നെ ഒരു കാരണവശാലും അതിനു വിരാമമിടാനും ആ വ്യക്തിക്ക് അവകാശമില്ല. ദൈവദാനമായ ജീവൻ സംരക്ഷിക്കാനും നിലനിർത്താനും ദൈവം മനുഷ്യനെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഇതുസംബന്ധിച്ച രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രഖ്യാപനം നമ്മുടെ സവിശേഷശ്രദ്ധ അർഹിക്കുന്നു. ജീവധാരണമെന്ന ശ്രേഷ്ഠമായ ജോലി, മനുഷ്യോചിതമായി നിർവഹിക്കപ്പെടേണ്ട ആ ജോലി, ഭരമേൽപിച്ചിരിക്കുന്നത് ജീവന്റെ കർത്താവായ ദൈവമാണ്. അതുകൊണ്ടുതന്നെ മനുഷ്യജീവനെ അതിന്റെ ആദ്യ ക്ഷണം മുതൽ അതീവ ശ്രദ്ധയോടെ സംരക്ഷിക്കണം (സഭ ആധുനിക ലോകത്തിൽ 51).കാരണ്യവധം, അതു രോഗിയുടെ അഭ്യർഥനപ്രകാരമാണെങ്കിൽപോലും ജീവനെതിരായ തീരുമാനവും 'കൊല്ലരുത്' എന്ന കല്പനയുടെ ലംഘനവുമാണ്. ജോൺ പോൾ മാർപാപ്പ ഇതു സംബന്ധിച്ചു നൽകുന്ന നിർദേശം നമ്മുടെ ശ്രദ്ധയർഹിക്കേണ്ടതാണ്. ഡോക്ടറോ നഴ്സോ വൈദ്യശാസ്തരരംഗത്തെ സാങ്കേതിക വിദഗ്ധരോ മറ്റേതെങ്കിലുംവ്യക്തികളോ തന്റെ തന്നെയോ മറ്റുള്ളവരുടെയോ ജീവന്റെ വിധിയാളരല്ല. നമ്മുടെ സമകാലീനരിൽ ചിലർ മനുഷ്യന്റെ സഹനത്തിന് ഒററമൂലിയായി കാരണ്യവധത്തെ പ്രചരിപ്പിക്കുന്നുണ്ട്. എന്നാൽ കാരുണ്യവധം അതിൽതന്നെ ആത്മഹത്യയോ കൊലപാതകമോ ആയതുകൊണ്ട് എപ്പോഴും ഒഴിവാക്കേണ്ട പ്രവൃത്തിയാണ്. പ്രതീക്ഷയറ്റ മാറാരോഗികൾ കാരുണ്യവധം ആവശ്യപ്പെടുമ്പോൾ യഥാർഥത്തിൽ അവർ തേടുന്നതു ക്രൂരമായ വധമല്ല. മറിച്ച് അവർ തങ്ങളുടെ നിരാശയിൽ സ്നേഹത്തിനു വേണ്ടി നിലവിളിക്കുകയാണ്.(John Paul II Address to the European Congress of the Anesthesologists Sept-8-1988).

**(ദീപിക 17/5/2016)**

# നിയസഭാ തിരഞ്ഞെടുപ്പ് ഫലം: അഴിമതിക്കും വർഗീയതയ്ക്കുമെതിരെ

അഴിമതിയ്ക്കും വർഗീയതയ്ക്കും എതിരെയാണ് കേരളത്തിന്റെ മനസ്സ് എന്നതാണ് നിയസഭാ തിരഞ്ഞെടുപ്പ് നൽകുന്ന പ്രധാനപാഠം. മറ്റൊരുതരത്തിൽ പറഞ്ഞാൽ അഴിമതിയെയും വർഗീയതയെയും വികസനവും ക്ഷേമവും കൊണ്ട് മറികടക്കാനാവില്ലെന്ന് ജനം വിധിയെഴുതി. യു.ഡി.എഫ് സർക്കാറിനെതിരായ വികാരം പ്രത്യക്ഷപ്പെട്ടുതുടങ്ങിതു അഴിമതിക്കേസുകളിലൂടെയായിരുന്നു. സോളാർ, ബാർ കോഴ ആരോപണങ്ങൾ രാഷ്ട്രീയന്തരീക്ഷത്തെ മലീമസമാക്കി. അവസാനനാളുകളിൽ എടുത്ത ഭൂമിയുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ അഴിമതി ആരോപണങ്ങൾ അരക്കിട്ടുറപ്പിച്ചു. മദ്യനയംപോലും ഗുണംചെയ്തില്ല. ബാറുകൾ പൂട്ടാനെടുത്ത തീരുമാനം ആദർശനിഷ്ടയുടെ പുറത്തല്ല, മറിച്ച് പാർട്ടിക്കുള്ളിലെ കിടമത്സരത്തിന്റെ ഭാഗമായിരുന്നുവെന്ന സത്യം മൂടിവയ്ക്കാവുന്നതായിരുന്നില്ല. മറുഭാഗത്ത് അഴിമതിയെ തുറന്നുകാട്ടാൻ എൽ.ഡി.എഫ് ശ്രമിച്ചു. രണ്ട് മന്ത്രിമാർ രാജിവച്ചു. മുഖ്യമന്ത്രിക്ക് തന്നെ ജുഡീഷ്യൽ വിചാരണ നേരിടേണ്ടിവന്നു, ബാർ കേസിലടക്കം കോടതികളിൽ നിന്ന് നിരന്തരം വിമർശം ഏൽക്കേണ്ടിവന്നത് സർക്കാരിന്റെ മുഖം വികൃതമാക്കി. വികസന കാര്യങ്ങളെ മാത്രമാണ് ഇടതുമുന്നണിക്ക് വേണ്ടത്ര പ്രതിരോധിക്കാൻ കഴിയാതെ പോയത്. ബി.ജെ.പി –ബി.ഡി.ജെ.എസ് കൂട്ടുകെട്ടിനെ ആദ്യം മുതലേ എതിർത്തിരുന്നു. ഇതിൽ ഇടതുമുന്നണിക്ക് രാഷ്ട്രീയ വ്യക്തതയുണ്ടായിരുന്നു. സംസ്ഥാനത്ത് വർഗീയ വിഷം ചീറ്റാനാണ് ബി.ജെ.പി.യുടെ ശ്രമമെന്ന് എല്ലാ ഇടതുമുന്നണി നേതാക്കളും ഒറ്റസ്വരത്തിൽ പറഞ്ഞു. വെള്ളാപ്പള്ളി നടേശനെ വ്യക്തിപരമായി ആക്രമിക്കുന്നതിനുപോലും സി.പി.എം. നേതാക്കൾ മുന്നിൽ നിന്നു.

എന്നാൽ യു.ഡി.എഫ്. അദ്യംമുതൽ കുറുക്കന്റെ കണ്ണുമായാണ് ഈ ബന്ധത്തെ കണ്ടത്. ബി.ഡി.ജെ.എസ്. വഴി സമാഹരിക്കുന്ന വോട്ടുകളിൽ ഏറിയ പങ്കും പരമ്പരാഗത സി.പി.എം. വോട്ടായിരിക്കുമെന്ന് അവർ കണക്കുകൂട്ടി. ആത്യന്തികമായി തങ്ങൾക്കത് ഗുണം ചെയ്യുമെന്ന് കോൺഗ്രസ് കണക്കുകൂട്ടി. ഇതേസമയം വോട്ടിന്റെ രസതന്ത്രം വേറൊരുവഴിക്കാണ് നീങ്ങിയത്. ബി.ജെ.പി. യിലേക്ക് വോട്ട് ഒഴുകിയത് യു.ഡി.എഫിൽ നിന്നായിരുന്നു.

ഇടതുപക്ഷ വിരുദ്ധവോട്ട് വിഭജിക്കപ്പെട്ടു. യു.ഡി.എഫിന് വോട്ട് ചെയ്തുവന്നിരുന്ന സവർണ വിഭാഗങ്ങളുടെ ബി.ജെ.പിയിലേക്കുള്ള കൂടുമാറ്റം തടയാൻ അവർക്ക് കഴിഞ്ഞില്ല.


ബി.ജെ.പി. വോട്ട് പല മണ്ഡലങ്ങളിലും മൂന്നിരട്ടി കൂടി. ഇവിയൊക്കെ യു.ഡി.എഫിന് കാലിടറി. ഉദാഹരണങ്ങൾ ഒട്ടേറെയാണ്. കാട്ടാക്കട, നെടുമങ്ങാട്, ചെങ്ങന്നൂർ, പാറശ്ശാല, ചാത്തന്നൂർ, പുതുക്കാട്, മണലൂർ, ആറന്മുള എന്നിങ്ങനെ ഈ പട്ടിക നീളുന്നു.

ബി.ഡി.ജെ.എസ്. വഴി ഇടതുപക്ഷത്തിന് വലിയ വോട്ട് ചോർച്ച ഉണ്ടായ മണ്ഡലങ്ങളിൽ മതേതര വോട്ടുകൾ വലിയ തോതിൽ സമാഹരിക്കാൻ എൽ.ഡി.എഫിന് കഴിഞ്ഞു. തിരുവല്ല, കുട്ടനാട്, റാന്നി, ഉടുമ്പൻചോല, ഏറ്റുമാനൂർ തുടങ്ങിയ മണ്ഡലങ്ങൾ ഉദാഹരണം. ബി.ജെ.പിയുടെയും ബി.ഡി.ജെ.എസിന്റെയും വോട്ടു സമാഹരണം യു.ഡി.എഫിനെ ഗുരുതരമായി ബാധിച്ചപ്പോൾ സാരമായ പോറലേൽക്കാതെ നിൽക്കാൻ ഇടതുപക്ഷത്തിന് കഴിഞ്ഞു.

ഒരിടത്ത് ജയിക്കുകയും ഏഴിടത്ത് രണ്ടാമതെത്തുകയും ചെയ്ത ബി.ജെ.പി.വളർച്ചയുടെ ഒരു ഘട്ടം പിന്നിട്ടു. **(മാതൃഭൂമി 20/5/2016)**

# പ്രാർത്ഥന പോലെ ഈ അവയവദാനം

സ്വന്തം ജീവന്റെ അംശം മറ്റുള്ളവരെ ജീവിപ്പിക്കാൻ വേണ്ടി പങ്കുവയ്ക്കുന്നവരുടേതു മഹനീയദാനം തന്നെയാണ്. ഈ ദാനങ്ങൾ ദൈവം കയ്യൊപ്പിടുതാണെന്നുകൂടി തിരിച്ചറിയുമ്പോൾ അതിനു വിശുദ്ധമായ സൗന്ദര്യം കൂടിയുണ്ടാവുന്നു. അവയവദാനത്തിന്റെ ഈ വലിയ സന്ദേശം സ്വന്തം ജീവിതംകൊണ്ട് എഴുതുന്നവരുടെ എണ്ണം കൂടിവരുകയാണെന്നതു പ്രത്യാശഭരിതമാണ്. ഈ പുണ്യവഴിയിൽ ഇപ്പോൾ പേരുചേർക്കപ്പെടുന്നതു പാലാ രൂപതാ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കന്റേതാണ്. ഇരുവൃക്കകളും തകരാറിലായ മലപ്പുറം കോട്ടയ്ക്കൽ ഈശ്വരമംഗലം ഇ. സൂരജിനു(30) മാർ ജേക്കബ് മുരിക്കൻ തന്റെ വൃക്കകളിലൊന്നു സമ്മാനിക്കുന്നതോടെ ആദ്യമായി ഒരു ബിഷപ് സ്വന്തം വൃക്ക ദാനം ചെയ്യുന്നുവെന്ന ചരിത്രവും പിറക്കുന്നു. ഒരു ശ്വാസകോശവുമായി ലോകം മുഴുവൻ സഞ്ചരിക്കുകയും സ്നേഹസന്ദേശം പ്രചരിപ്പിക്കുകയും ചെയ്യുന്ന ഫ്രാൻസിസ് മാർപാപ്പയാണ് അവയവദാനത്തിനു തനിക്കു മാതൃകയെന്നു മാർ ജേക്കബ് മുരിക്കൻ(53) പറയുമ്പോൾ ആ വാക്കുകൾ സ്നേഹപൂർണമായ ഐക്യദാർഢ്യം അറിയിക്കുന്നു. മാർപാപ്പയുടെ നിർദേശാനുസരണം ഈ വർഷം കത്തോലിക്കാസഭ കാരുണ്യവർഷമായി ആചരിക്കുകയാണ്. അതുകൊണ്ടാണ് ഈ വർഷം തന്നെ പുണ്യപ്രവൃത്തിക്കായി മാർ മുരിക്കൻ തിരഞ്ഞെടുത്തതും. **(മലയാള മനോരമ 30/5/2016)**



**മാർ ജേക്കബ് മുരിക്കൻ**

# സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തെക്കുറിച്ച്

## കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ വിലയിരുത്തലും മുന്നറിയിപ്പും

കേരള കത്തോലിക്കാസഭയിൽ ആത്മീയ നവീകരണരംഗത്ത് കഴിഞ്ഞ 25 വർഷമായി പ്രവർത്തിച്ചു പോരുന്ന ഒരു പ്രസ്ഥാനമാണ് സ്പിരിറ്റ് ഇൻ ജീസസ്. ഈ പ്രസ്ഥാനം ശ്രീ ടോം സഖറിയായുടെ നേതൃത്വത്തിൽ ഇടുക്കി ജില്ലയിലെ സൂര്യനെല്ലിയിൽ ആരംഭിച്ച് ക്രമേണ മറ്റു രൂപതകളിലേക്കും സംസ്ഥാനങ്ങളിലേക്കും വ്യാപിച്ചു. കത്തോലിക്കർക്കു പുറമേ ഇതരസഭാംഗങ്ങളും ഈ പ്രസ്ഥാനത്തിൽ ചേർന്നിട്ടുണ്ട്. ഇപ്പോൾ ഒരു സഭയുടെയും പ്രത്യേക നിയന്ത്രണത്തിന് വിധേയമാകാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്നതും അല്മായർ നേതൃത്വം കൊടുക്കുന്നതുമാണ് ഈ പ്രസ്ഥാനം. ഇവർ പരിശുദ്ധ കുർബാനയോടും ദൈവമാതാവിനോടുമുള്ള ഭക്തി പരിപോഷിപ്പിക്കുന്നുണ്ടെങ്കിലും കത്തോലിക്കാസഭയുടെ അടിസ്ഥാനപരമായ വിശ്വാസവിഷയങ്ങളിൽ വി. ഗ്രന്ഥത്തിനും, സഭാപ്രബോധനങ്ങൾക്കും പാരമ്പര്യങ്ങൾക്കും നിരക്കാത്ത ചില പ്രബോധനങ്ങൾ വച്ചുപുലർത്തുന്നുണ്ട്. പ്രസംഗങ്ങളിലൂടെയും പ്രസ്ഥാനത്തിന്റെ ജിഹ്വയായ ''ഇതാ നിന്റെ അമ്മ'' എന്ന മാസികയിലൂടെയും അവരുടെ ആശയങ്ങൾ പ്രചരിപ്പിക്കുകയാണ്. സ്വകാര്യവെളിപാടുകൾക്കാണ് സഭയുടെ ഔദ്യോഗികപ്രബോധനങ്ങളെക്കാൾ കൂടുതൽ പ്രധാന്യം നല്കുന്നത്.

സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനക്കാർ അബദ്ധജടിലമായ ചില ഉപദേശങ്ങൾവഴി വിശ്വാസികളെ വഴിതെറ്റിക്കുന്നത് കേരള മെത്രാൻ സമിതി അതീവഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. പലരും വിശ്വാസവൈപരീത്യങ്ങളിൽ ചെന്നു പതിക്കാനിടയുള്ളതുകൊണ്ട് വിശ്വാസികൾക്ക് മുന്നറിയിപ്പു നല്കേണ്ടത് ഇടയന്മാർ എന്ന നിലയിൽ ഞങ്ങളുടെ കടമയാണ്. മരണാനന്തരജീവിതം, ഇതര മതങ്ങളോടും സാംസ്കാരികാനുരൂപണങ്ങളോടുമുള്ള സമീപനം, വേദപുസ്തക വ്യാഖ്യാനം എന്നിവ സംബന്ധിച്ചാണ് കൂടുതൽ അബദ്ധോപദേശങ്ങളും. .......

### കേരള കത്തോലിക്കാസഭയും സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനവും

ആദ്യകാലങ്ങളിൽ സഭയോടൊത്തുപ്രവർത്തിച്ചെങ്കിലും വി. ഗ്രന്ഥത്തോടും സഭാപാരമ്പര്യങ്ങളോടും ഇണങ്ങാത്ത പ്രബോധനങ്ങൾ സ്പിരിറ്റ് ഇൻ ജീസസിൽ നിന്നുണ്ടായപ്പോൾ സഭ ജാഗ്രതയോടെ അവരെ നിരീക്ഷിക്കാൻ തുടങ്ങി. സഭാഗാത്രത്തിലെ ഒരംഗംപോലും നഷ്ടമാകാതിരിക്കാൻ സഭാമാതാവ് എന്നും ആഗ്രഹിക്കുന്നുണ്ട്. സത്യവിശ്വാസത്തിൽനിന്നും വ്യതിചലിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടി സഭ പല തലങ്ങളിൽ പ്രാർത്ഥനയും ഉപവാസവും പരിത്യാഗപ്രവർത്തനങ്ങളും നടത്തിയിരുന്നു. സഭാഗാത്രത്തിലെ ഒരംഗം നഷ്ടമാകുമ്പോൾ സഭ മുഴുവനും വേദനിക്കുന്നു എന്ന അപ്പസ്തോലദർശനമാണ് സഭയുടെ നിത്യമായ പ്രേരണയും പ്രചോദനവും.

സീറോ മലബാർ സഭയുടെ മെത്രാൻ സമിതി ആദ്യമായി സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനവുമായി ഒരു അനുനയ ചർച്ചയിൽ ഏർപ്പെടാൻ ശ്രമിച്ചു. പക്ഷേ വേണ്ട ഫലം കണ്ടില്ല. എന്നാൽ ഏതാനും വർഷങ്ങൾക്കുള്ളിൽ കേരളത്തിലെ പല രൂപതകളിലേക്കും അവരുടെ പ്രവർത്തനം വ്യാപിച്ചപ്പോൾ കെസിബിസി അതിന്റെ ദൈവശാസ്ത്ര കമ്മീഷനെ സ്പിരിറ്റ് ഇൻ ജീസസ് നേതാക്കളുമായി സംഭാഷണത്തിൽ ഏർപ്പെടാൻ നിയോഗിച്ചു. ദൈവശാസ്ത്ര കമ്മീഷനും സ്പിരിറ്റ് ഇൻ ജീസസ് നേതൃത്വവും തമ്മിൽ നടത്തിയ ഡയലോഗുകളിൽ ഉണ്ടായ ധാരണയനുസരിച്ച് സ്പിരിറ്റ് ഇൻ ജീസസിന്റെ പ്രസംഗങ്ങളും പ്രസിദ്ധീകരണങ്ങളും പരിശോധിക്കാനും പ്രവർത്തനങ്ങളെ നിരീക്ഷിക്കാനും ഒരു വൈദികനെ നിരീക്ഷകനായി നിയമിച്ചു. കൂടാതെ ഈ പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുന്നവർക്കു വേണ്ടി തിയോളജി കമ്മീഷനംഗങ്ങൾ സെമിനാർ നടത്തിയെങ്കിലും അവർക്ക് വേണ്ടത്ര സ്വീകാര്യത ലഭിക്കുകയോ അതിനനുസരിച്ച് സ്പിരിറ്റ് ഇൻ ജീസസിന്റെ അദ്ധ്യയനങ്ങളിൽ മാറ്റം വരുത്തുകയോ ചെയ്തില്ല. ഇതിന്റെയടിസ്ഥാനത്തിൽ സ്പിരിറ്റ് ഇൻ ജീസസിനോട് നിർദ്ദേശിച്ച കാര്യങ്ങൾ നടപ്പാക്കാത്തതിനെക്കുറിച്ചും അവരുടെ പ്രബോധനങ്ങളിലെ ദൈവശാസ്ത്രപ്രശ്നങ്ങളെ സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് 2015 ഏപ്രിൽ 23-ന് കെ.സി.ബി.സി ദൈവശാസ്ത്ര കമ്മീഷൻ നൽകിയ കത്തിന് മറുപടി നൽകുകയോ, ക്രിയാത്മകമായി കമ്മീഷനോട് സഹകരിക്കുകയോ ചെയ്തില്ല. മാത്രവുമല്ല, പ്രസ്തുത ചർച്ചകളുടെ മറവിൽ തെറ്റിദ്ധാരണ വളർത്താനാണ് ഇതിന്റെ നേതാക്കൾ താത്പര്യപ്പെട്ടത്. സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനം തിരുസഭയുമായി അനുരഞ്ജനപ്പെട്ടു; എല്ലാ അഭിപ്രായ വ്യത്യാസങ്ങളും അവസാനിപ്പിച്ച് തിരുസ്സഭ സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തെ അംഗീകരിച്ചു;തുടങ്ങിയ പ്രസ്താവനകളിലൂടെ സാധാരണ വിശ്വാസികളുടെയിടയിൽ ആശയക്കുഴപ്പമുണ്ടാക്കാൻ ബോധപൂർവ്വമായ ശ്രമം നടക്കുന്നതായി മനസ്സിലാക്കുന്നു. ഇതെല്ലാം സഭാനേതൃത്വത്തോടും പ്രബോധനങ്ങളോടും ചേർന്ന് പോകാനുള്ള അവരുടെ വിമുഖത വ്യക്തമാക്കുന്നുണ്ട്.

### വിശ്വാസികൾക്ക് കെ.സി.ബി.സി യുടെ മുന്നറിയിപ്പ്

മേൽപറഞ്ഞ കാരണങ്ങളാൽ സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തെക്കുറിച്ച് വ്യക്തമായൊരു നിലപാട് സ്വീകരിക്കാൻ തിരുസ്സഭ നിർബന്ധിതമായിരിക്കുകയാണ്. സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനം അതിന്റെ നിലവിലുള്ള രൂപത്തിൽ കത്തോലിക്കാവിശ്വാസവുമായി ഒത്തുപോകുന്നതല്ല. അതിനാൽ ഈ പ്രസ്ഥാനത്തിന്റെ കത്തോലിക്കാസഭയിലെ എല്ലാ പ്രവർത്തനങ്ങളും ഇതിനാൽ നിരോധിക്കുന്നു. ഈ പ്രസ്ഥാനവുമായി ഏതെങ്കിലും വിധത്തിൽ സഹകരിക്കുന്നത് സത്യവിശ്വാസത്തിന് വിരുദ്ധമാണെന്ന് എല്ലാ വിശ്വാസികളെയും സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു. ഈ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു തുടർന്നു പ്രവർത്തിക്കുന്നവരുണ്ടെങ്കിൽ അവർക്കെതിരേ സഭാപരമായ ശിക്ഷണ നടപടികൾ ബന്ധപ്പെട്ട രൂപതാ കോടതികൾ സ്വീകരിക്കുന്നതാണ്. സത്യവിശ്വാസം സംരക്ഷിക്കാൻ സഭയൊന്നാകെ സംഘാതമായി പ്രതിജ്ഞാബദ്ധമാണെന്നകാര്യം ആരും വിസ്മരിക്കരുത്.

വഴിതെറ്റിപോകുന്നവരോട് കരുണ കാണിക്കാൻ സഭയ്ക്ക് കടമയുണ്ട്. സഭാഗാത്രത്തിൽ നിന്ന് ഒരു വ്യക്തിയെങ്കിലും നഷ്ടപ്പെടുന്നത് വേദനാജനകമാണ്. എങ്കിലും സത്യവിശ്വാസം (Orthodoxy) കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ നിത്യരക്ഷയ്ക്ക് ആവശ്യമാണെന്ന കാര്യവും ഓർമ്മിപ്പിക്കുന്നു. വിശ്വാസമില്ലാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല (ഹെബ്രാ 13:6). സഭാംഗങ്ങളിൽ ആരെങ്കിലും മേല്പറഞ്ഞ

വിശ്വാസ വ്യതിചലനത്തിന് വിധേയരായിട്ടുണ്ടെങ്കിൽ തെറ്റുതിരുത്തി സത്യവിശ്വാസത്തിലേക്കു തിരികെ വരണമെന്നും സഭാമക്കളെ വഴിതെറ്റിക്കുന്ന അബദ്ധപ്രബോധനങ്ങളിൽ വീണുപോകാതിരിക്കാൻ വിശ്വാസികളേവരും ആത്മീയമായ ജാഗ്രത പുലർത്തണമെന്നും അഭ്യർത്ഥിക്കുന്നതോടൊപ്പം സഭയുടെ സത്യവിശ്വാസം സംരക്ഷിക്കുന്നതിനും സഭാഗാത്രത്തിലെ കൂട്ടായ്മ വർദ്ധമാനമാക്കുന്നതിനുമായി നൽകിയിരിക്കുന്ന ഈ പ്രബോധനങ്ങൾ സഭയിലെ മുഴുവൻ വിശ്വാസികളുടെയും വിശ്വാസപരിപോഷണത്തിനു കാരണമാകട്ടെ എന്ന് പ്രത്യാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എല്ലാവരെയും ദൈവികകാരുണ്യത്തിന് സമർപ്പിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ!

**കേരള കത്തോലിക്കാമെത്രാൻ സമിതി**

# കെസിബിസി പ്രസ്താവനകൾ

## ദയാവധം നിയമവിധേയമാക്കാനുള്ള നീക്കം ഉപേക്ഷിക്കണം

**കൊച്ചി:** ദയാവധം ഭാഗികമായി നിയമവിധേയമാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ സംസ്ഥാന ഗവർമെന്റുകളുടെ അഭിപ്രായം ആരാഞ്ഞിരിക്കുന്ന സാഹചര്യത്തിൽ, ദയാവധം അനുവദിക്കരുതെന്ന് കേരള സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെടണമെന്ന് കെസിബിസി നിർദ്ദേശിച്ചു. ദയാവധം അതിന്റെ എല്ലാ രൂപത്തിലും കൊലപാതകമോ ആത്മഹത്യയോ ആണെന്നതാണ് അതിനു കാരണം. ജീവൻ രക്ഷാ ഉപകരണങ്ങളുടെ സഹായത്തോടെ മാത്രം ജീവിക്കാൻ കഴിയുന്ന രോഗികൾ ജീവിതത്തിലേക്ക് മടങ്ങി വരില്ലെന്ന് ഉറപ്പായാൽ അവർക്ക് സ്വസ്ഥമായ മരണം അനുവദിക്കാമെന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നറിയുന്നു. ക്രിസ്തീയ വിശ്വാസമനുസരിച്ചും ഭാരതത്തിന്റെ പൗരാണിക കാഴ്ചപ്പാടിലും ജീവന്റെയും മരണത്തിന്റെയും മേൽ അധികാരമുള്ളത് ദൈവത്തിനു മാത്രമാണ്. ജീവൻ ദൈവത്തിന്റെ ദാനമാണ്. അവിടത്തെ സ്വത്താണ്. അതിനാൽ വധശിക്ഷ ഉൾപ്പെടെ മനുഷ്യജീവന്റെ മേലുള്ള എല്ലാ കടന്നുകയറ്റവും ദൈവത്തിന്റെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമാണ്. മാനുഷികമെന്നു തോന്നിക്കുന്ന വാദമുഖങ്ങളുപയോഗിച്ച് അംഗവൈകല്യമുള്ളവരെയും രോഗികളെയും വൃദ്ധരെയും വധിക്കുന്നത് നിഷ്ഠൂരമാണ്. അവർക്ക് ശുശ്രൂഷ ചെയ്യുന്നതിലാണ് യഥാർത്ഥ മാനുഷികത അടങ്ങിയിരിക്കുന്നത്. മരിക്കുന്നതിനല്ല, ജീവിക്കുന്നതിനാണ് രോഗികൾക്കും വേദനിക്കുന്നവർക്കും സഹായം ആവശ്യമുള്ളത്.

വൃദ്ധരെയും മാതാപിതാക്കന്മാരെയും ആദരിക്കുന്ന നമ്മുടെ സംസ്കാരം ദയാവധത്തിനു നിയമാനുമതി നല്കുന്നത് ഒരു കാരണവശാലും ന്യായീകരിക്കാനാവില്ല. ദയാവധത്തിനു സാദ്ധ്യത നല്കുന്ന നിയമം ഏറെ ദുരുപയോഗത്തിന് കാരണമാകുമെന്നതിൽ സംശയമില്ല. രോഗിയുടെ മരണം തികച്ചും ഉറപ്പാകുന്ന നിമിഷത്തിൽ ഉദ്ദേശിക്കുന്ന ഫലത്തോടു ആനുപാതികമല്ലാത്ത അസാധാരണവും ഭാരിച്ചതുമായ ചികിത്സ വേണ്ടെന്നു വച്ച്, അയാൾക്ക് സ്നേഹവും പരിചരണവും നല്കി സമാധാനപൂർവം മരിക്കാൻ അനുവദിക്കുന്നതും ദയാവധം നടത്തുന്നതും ഒന്നല്ല. സാധാരണ ശുശ്രൂഷയും മരുന്നും ഭക്ഷണവും രോഗിക്ക് ഒരിക്കലും ഇല്ലാതാക്കാനാവില്ല. അതാണ് മനുഷ്യമഹത്ത്വത്തോടും ജീവനോടും ഉള്ള ആദരം. ഇതിന് പുതിയ ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യമുണ്ടെന്നു കരുതുന്നില്ല.

ജീവിക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും ഉള്ളതുപോലെ സ്വതന്ത്രമായി മരിക്കാനും അവകാശമുണ്ടെന്നു പറയുന്നത് വൈരുധ്യമാണ്. മരിക്കാനല്ല അന്തസ്സോടെ ജീവിക്കാനാണ് മനുഷ്യന് അവകാശമുള്ളത്. മനുഷ്യജീവൻ അതിന്റെ ആരംഭം മുതൽ സ്വാഭാവികമായ അന്ത്യം വരെ ആദരിക്കപ്പെടണം എന്നതാണ് സഭയുടെ നിലപാട്. ജീവനെ യഥേഷ്ടം കൈകാര്യം ചെയ്യാൻ അവസരം ഒരുക്കുന്ന ദയാവധത്തിന് ഒരു കാരണവശാലും അനുമതി കൊടുക്കരുത്.

മനുഷ്യജീവന്റെ അമൂല്യതയ്ക്കും മഹത്ത്വത്തിനും എതിരായ നിലപാടു കേരള ഗവർമെന്റ് എടുക്കരുതെന്ന് കെസിബിസി പ്രസിഡന്റ് കർദ്ദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കബാവ, വൈസ് പ്രസിഡന്റ് ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം, സെക്രട്ടറി ജനറൽ ബിഷപ്പ് ജോസഫ് കരിയിൽ എന്നിവർ സംയുക്ത പ്രസ്താവനയിൽ ആവശ്യപ്പെട്ടു. ദയാവധം പാടില്ല എന്നതിനുള്ള നിയമപരവും ധാർമ്മികവും മതപരവും ജീവശാസ്ത്രപരവും താത്ത്വികവുമായ ന്യായങ്ങൾ വിശദീകരിച്ച് കേരള ഗവർമെന്റിന് കെസിബിസി പഠനറിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. **(കെസിബിസി, ദീപിക, 12/5/2016)**

## സമ്മതിദാനാവകാശം ജാഗ്രതയോടെ വിനിയോഗിക്കണം

**കൊച്ചി:** നിയമസഭാ തെരഞ്ഞെടുപ്പിൽ സമ്മതിദാനാവകാശം വിനിയോഗിക്കുന്നതിൽ ഓരോ വ്യക്തിയും ജാഗ്രത പലുർത്തണമെന്ന് കെസിബിസി. മതേതരത്വവും ബഹുസ്വരതയും കാത്തുസൂക്ഷിക്കുന്നവർ അധികാരത്തിൽ വരണമെന്നും വർഗീയതയുടെയും അസഹിഷ്ണുതയുടെയും രാഷ്ട്രീയത്തെ അകറ്റി നിറുത്താൻ കഴിയണമെന്നും കെസിബിസി സെക്രട്ടേറിയറ്റിന്റെയും ഐക്യജാഗ്രതാസമിതിയുടെയും പിഒസിയിൽ ചേർന്ന യോഗം വിലയിരുത്തി. അക്രമവും സർവാധിപത്യപ്രവണതയും പ്രവർത്തനശൈലിയാക്കുന്ന പാർട്ടികളെ അധികാരത്തിലേറ്റുന്നത് ജനാധിപത്യത്തെ ദുർബലമാക്കും.

എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളുന്ന സമഗ്ര വികസനനയവും, പാവങ്ങളോടും പ്രകൃതിയോടും കരുതലുള്ള സമീപനവുമുള്ളവരെയാണ് തെരഞ്ഞെടുക്കേണ്ടത്. തെരഞ്ഞെടുക്കപ്പെടുന്നവർ സമൂഹത്തിന്റെ ധാർമ്മിക നിലവാരമുയർത്തുന്നതിൽ തല്പരരും മദ്യത്തിനും മയക്കുമരുന്നിനും കള്ളക്കടത്തിനുമെതിരെ നിലപാടെടുക്കുന്നവരുമാകണം. ഇക്കാര്യങ്ങളിൽ ഇരട്ടത്താപ്പു പുലർത്തുന്നവരെ തിരിച്ചറിയണം. ഏതു പാർട്ടി അധികാരത്തിൽ വന്നാലും അധികാരത്തിലെത്തുന്നവരുടെ അഴിമതിക്കും പക്ഷപാതത്തിനുമെതിരെ അവരെ അധികാരത്തിലേറ്റിയ ജനം നിതാന്ത ജാഗ്രത പുലർത്തേണ്ടത് ആവശ്യമാണെന്നും യോഗം വിലയിരുത്തി. **(കെസിബിസി, ഐക്യജാഗ്രതാ സമിതി, ദീപിക, 7/5/2016)**

# കെ.സി.ബി.സി.യുടെ പേരിൽ വ്യാജ അഭ്യർത്ഥന പ്രചരിപ്പിക്കുന്നു

**കേ**രള കത്തോലിക്കാ മെത്രാൻസമിതിയുടെ ലെറ്റർഹെഡിൽ ഡെപ്യൂട്ടി സെക്രട്ടറിയും ഔദ്യോഗിക വക്താവുമായ ഫാ. വർഗീസ് വള്ളിക്കാട്ടിന്റെ പേരിൽ ഒരു പ്രത്യേക സ്ഥാനാർത്ഥിക്കു വോട്ടു രേഖപ്പെടുത്തണമെന്ന അഭ്യർത്ഥന സാമൂഹിക മാധ്യമങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങളിൽ പ്രചരിക്കുന്നതായി അറിയുന്നു. ഇത് വ്യാജവും ദുരുദ്ദേശ്യപരവുമാണ്. ഏതെങ്കിലും ഒരു സ്ഥാനാർത്ഥിക്കുവേണ്ടി വോട്ടഭ്യർത്ഥിച്ചുകൊണ്ടോ, ഏതെങ്കിലും സമുദായത്തിനെതിരെ സഭാവിശ്വാസികൾ വോട്ടുരേഖപ്പെടുത്തണമെന്നഭ്യർത്ഥിച്ചുകൊണ്ടോ ഉള്ള യാതൊരറിയിപ്പും കെ.സി.ബി.സി. നടത്തിയിട്ടില്ല. തൃശൂർ – വടക്കാഞ്ചേരി ഭാഗങ്ങളിൽ ഇങ്ങനെ ഒരു വ്യാജ അഭ്യർത്ഥന ബോധപൂർവം പ്രചരിപ്പിക്കുന്നതായി അറിയുന്നു. സാമുദായിക ധ്രുവീകരണമുണ്ടാക്കി തെരഞ്ഞെടുപ്പിൽ ലാഭമുണ്ടാക്കാൻ ഏതോ തല്പരകക്ഷികൾ ബോധപൂർവം ശ്രമിക്കുന്നതായി സംശയിക്കുന്നു. ഇതിന്റെ യഥാർത്ഥ ഉറവിടം കണ്ടെത്തുന്നതിനും കുറ്റക്കാർക്കെതിരെ ഉചിതമായ നടപടികളെടുക്കുന്നതിനുമായി പാലാരിവട്ടം പോലീസിൽ പരാതി നല്കിയിട്ടുണ്ട്.

21.8.2014-ന് ഞലള. 434/KCBC/K-6/KPR/DS എന്ന റഫറൻസ് നമ്പറിൽ ഓഗസ്റ്റ് 23-ന്, പി.ഒ.സി.യിൽ വച്ച്, ലോകസമാധാനത്തിനായി പ്രാർത്ഥനായജ്ഞം നടത്തുന്നതു സംബന്ധിച്ച് നല്കിയ All Kerala Press Release ആണ് ഉള്ളടക്കം പൂർണമായും മാറ്റി വ്യാജ അഭ്യർത്ഥന നടത്തുന്നതിന് ഉപയോഗിച്ചിരിക്കുന്നത്. വ്യജ അഭ്യർത്ഥനയിൽ ഇതേ റഫറൻസ് നമ്പർ കാണാം. എന്നാൽ തീയതി 10.05.2016 എന്നു തിരുത്തിയിട്ടുണ്ട്. **(കെസിബിസി, ദീപിക, 15/5/2016)**

# യോഗാദിനം: അനാവശ്യ നിർബന്ധങ്ങൾ ഒഴിവാക്കണം

**കൊച്ചി:** ജൂൺ 21-ന് നടക്കുന്ന യോഗാദിനത്തോടനുബന്ധിച്ച് സ്കൂളുകളും കോളേജുകളും അടക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നടപ്പാക്കാനായി കേന്ദ്ര ആയുഷ് മന്ത്രാലയം നിർദേശിച്ചിരിക്കുന്ന കോമൺ യോഗ പ്രോട്ടോക്കോൾ രാജ്യത്തിന്റെ മതനിരപേക്ഷ സ്വഭാവത്തെയും ബഹുസ്വരതയെയും അവഗണിക്കുന്നതായി വിമർശനമുയർന്നിരിക്കുന്നു. മുഴുവൻ അധ്യാപകരെയും വിദ്യാർത്ഥികളെയും പങ്കെടുപ്പിക്കണമെന്ന നിർദേശത്തോടുകൂടി വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു നല്കിയിട്ടുള്ള കോമൺ യോഗാ പ്രോട്ടോക്കോൾ, നമസ്കാരമുദ്രയും ഓംകാരവും ഋഗ്വേദമന്ത്രങ്ങളും യോഗാപരിശീലനത്തിന്റെ ഭാഗമായി നിർദേശിച്ചിരിക്കുന്നു. ശരീരത്തിനും മനസ്സിനും ഉന്മേഷം പകരുന്ന ഒരു വ്യായാമമുറ എന്നതിലുപരി, മോക്ഷപ്രാപ്തിക്കുള്ള ഒരു ആത്മീയശിക്ഷണവും ജീവിതക്രമവുമായി യോഗായെ വിഭാവനം ചെയ്തിരിക്കുന്നു. ഒരു പ്രത്യേക മതത്തിന്റെ സിദ്ധാന്തങ്ങളും ആചാരവിധികളും പ്രാർത്ഥനാമന്ത്രങ്ങളും യോഗാപരിശീലനത്തിന്റെ ഭാഗമായി നിർദേശിക്കുന്നതും അത് നിർബന്ധപൂർവം നടപ്പാക്കണമെന്ന് നിഷ്കർഷിക്കുന്നതും ഇതരമതാനുയായികളിൽ അസ്വസ്ഥതയുണ്ടാക്കും. യോഗായോ കളരിപ്പയറ്റോ തത്തുല്യമായ മറ്റു വ്യായാമമുറകളോ തെരഞ്ഞെടുക്കാനും പരിശീലിക്കാനും വേണ്ടെന്നുവയ്ക്കാനുമുള്ള സ്വാതന്ത്ര്യം ഓരോ വ്യക്തിക്കും ഉണ്ടാകണം. വിദ്യാഭ്യാസസ്ഥാപനങ്ങൾ ബൗദ്ധിക പരിശീലനത്തോടൊപ്പം വിദ്യാർത്ഥികളുടെ ശാരീരികവും ധാർമ്മികവുമായ പരിശീലനത്തിൽ ശ്രദ്ധ ചെലുത്തുകയും വേണം. എന്നാൽ അതിന് ഏതെങ്കിലും ഒരു പ്രത്യേക മതസങ്കല്പവും ആചാരവിധികളും വേണമെന്ന് സർക്കാർ നിഷ്കർഷിക്കുന്നത് അനാവശ്യ വിവാദങ്ങളിലേക്ക് നയിക്കും. എല്ലാ മതസ്ഥർക്കും പരിശീലിക്കാവുന്ന ഒരു വ്യായാമമുറയെന്ന നിലയിൽ മാത്രമേ യോഗായ്ക്ക് പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രസക്തിയുള്ളൂ. **(കെസിബിസി, ദീപിക, 18/5/2016)**

# പുതിയ സർക്കാർ പൊതുനന്മയ്ക്ക് മുൻഗണന നല്കണം

**കൊച്ചി:** പുതുതായി അധികാരമേല്ക്കുന്ന ഇടതുപക്ഷ സർക്കാർ സമൂഹത്തിന്റെ പൊതുനന്മയ്ക്കും, പാവപ്പെട്ടവരുടെയും പ്രകൃതിയുടെയും സംരക്ഷണത്തിനും മുൻഗണന നല്കുമെന്ന് പ്രതീക്ഷിക്കുന്നു. തെരഞ്ഞെടുപ്പിൽ മുമ്പോട്ടു വച്ച വാഗ്ദാനങ്ങൾക്ക് കേരളത്തിലെ മതേതര സമൂഹം നല്കിയ അംഗീകാരമാണ് ഇടതുപക്ഷത്തെ അധികാരത്തിലെത്തിച്ചത്. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊണ്ടുകൊണ്ട് ജനാധിപത്യ-മതേതര മൂല്യങ്ങളെ സംരക്ഷിക്കുന്ന ഒരു ഭരണം ഉണ്ടാകുമെന്നാണ് കേരളസമൂഹത്തോടൊപ്പം കത്തോലിക്കാസഭയും പ്രതീക്ഷിക്കുന്നത്. സമൂഹത്തെ സമാധാനത്തിലേക്കും പുരോഗതിയിലേക്കും നയിക്കുന്നതിന് പുതിയ മുന്നണിക്കും സർക്കാരിനും കഴിയട്ടെ എന്ന് ആശംസിക്കുന്നു. ഒപ്പം യുഡിഎഫ് സർക്കാർ ജനങ്ങളുടെ ക്ഷേമത്തിനും നാടിന്റെ നന്മയ്ക്കുംവേണ്ടി ചെയ്ത എല്ലാ കാര്യങ്ങൾക്കും നന്ദി അറിയിക്കുകയും ചെയ്യുന്നു. **(കെസിബിസി, ദീപിക, 20/5/2016)**

# ദയാവധം: യഥാർഥ വെല്ലുവിളി ദുരുപയോഗം

**കൊച്ചി:** നമ്മുടെ നാട്ടിൽ ദയാവധം നിയമമാക്കുമ്പോൾ പതിയിരിക്കുന്ന വലിയ അപകടം അതിന്റെ ധാരാളമായ ദുരുപയോഗമായിരിക്കുമെന്ന് കെസിബിസി പ്രൊ ലൈഫ് സമിതി വിലയിരുത്തി. കാരുണ്യവധം നടത്താനുള്ള നിയമാനുവാദം നൽകണമെന്ന് വാദിക്കുന്നവർ അതൊരു ധാർമിക പ്രശ്നമായി കാണുന്നില്ലെന്ന് കെസിബിസി ആസ്ഥാനമായ പലാരിവട്ടം പി.ഒ.സിയിൽ ഫാ. പോൾ മാടശ്ശേരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം വിലയിരുത്തി. ഒരു വ്യക്തി തന്റെ സ്വതന്ത്രമായ തീരുമാനപ്രകാരം രൂപപ്പെടുത്തിയതല്ല സ്വന്തം ജീവൻ. അതുകൊണ്ട് തന്നെ ഒരു കാരണവശാലും അതിന് വിരാമമിടാനും ആ വ്യക്തിക്ക് അവകാശമില്ല.

ദൈവദാനമായ ജീവൻ സംരക്ഷിക്കാനും നില നിർത്താനും ദൈവം മനുഷ്യനെ ചുമതലപ്പെടുത്തിയിരിക്കുന്നു. ദയാവധം നയമാക്കുന്നതിലെ സങ്കീർണത മനസ്സിലാക്കി പൊതുജനാഭിപ്രായം ആരാഞ്ഞുകൊണ്ട് സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുതിയ വെബ്സൈറ്റ് തുടങ്ങിയതിന്റെ പശ്ചാത്തലത്തിലാണ് യോഗം ചേർന്നത്. **(കെസിബിസി, പ്രൊലൈഫ് സമിതി, ദീപിക 28/5/2016)**

# വിദ്യാഭ്യാസരംഗത്ത് സർക്കാരിന്റെ ക്രിയാത്മക നടപടികളെ പിന്തുണയ്ക്കും

പൊതുവിദ്യാഭ്യാസമേഖലയുടെ ശാക്തീകരണത്തിന് പുതിയ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന സംസ്ഥാനവിദ്യാഭ്യാസമന്ത്രിയുടെ പ്രസ്താവന സ്വാഗതാർഹമാണെന്ന് കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷനും കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡും അഭിപ്രായപ്പെട്ടു. എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ അദ്ധ്യാപകരുടെ തസ്തിക നിർണ്ണയവും നിയമന അംഗീകാരവും സംബന്ധിച്ച പ്രശ്നങ്ങൾ നിരവധി വർഷങ്ങളായി തുടരുകയാണ്. കഴിഞ്ഞ സർക്കാരിന്റെ അവസാന മാസങ്ങളിൽ ഇതു സംബന്ധിച്ച നിരവധി ഉത്തരവുകൾ ഉണ്ടായെങ്കിലും നൂറു കണക്കിന് അധ്യാപകർ വർഷങ്ങളായി ശമ്പളമില്ലാതെ ദുരിതമനുഭവിക്കുകയാണ്. പുതിയ അധ്യയനവർഷം ആരംഭിക്കുന്നതിനുമുൻപ് ഇതു സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉറപ്പും ഇതുവരെ പാലിക്കപ്പെട്ടില്ല. ഹയർ സെക്കൻഡറി മേഖലയിലും സമാനമായ പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിച്ച് സംതൃപ്തമായ ഒരു അധ്യയനവർഷത്തിന് തുടക്കം കുറിക്കാൻ പുതിയ വിദ്യാഭ്യാസ മന്ത്രി മുൻകയ്യെടുക്കുമെന്ന് പ്രത്യാശിക്കുന്നു. പ്രൈമറി, അപ്പർ പ്രൈമറി മേഖലകളിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അധ്യാപക വിദ്യാർത്ഥി അനുപാതം പരിഷ്കരിച്ചതിന് അനുസൃതമായി ഹൈസ്കൂൾ ക്ളാസ്സുകളിലും അധ്യാപക വിദ്യാർത്ഥി അനുപാതം പരിഷ്കരിക്കാൻ ആവശ്യമായ നടപടികളും വിദ്യാഭ്യാസമന്ത്രിയിൽ നിന്നും പ്രതീക്ഷിക്കുന്നു. വിദ്യാഭ്യാസരംഗത്തെ ക്രിയാത്മക നടപടികൾക്ക് സർക്കാരിന് ആവശ്യമായ പിന്തുണ നൽകുമെന്ന് കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, ടീച്ചേഴ്സ് ഗിൽഡ് പ്രസിഡന്റ് ജോഷി വടക്കൻ, ജനറൽ സെക്രട്ടറി സാലു പതാലിൽ എന്നിവർ പ്രസ്താവനയിൽ അറിയിച്ചു. **(കെസിബിസി, കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്, ദീപിക, 28/5/2016)**

# മോറൽ സയൻസ് അവാർഡുകൾ വിതരണം ചെയ്തു

**കൊച്ചി:** കേരളത്തിലെ കത്തോലിക്കാ സ്കൂളുകളിൽ സംസ്ഥാനതലത്തിൽ നടത്തിയ മോറൽ സയൻസ് സ്കോളർഷിപ്പ് പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് പി.ഒ.സിയിൽ വെച്ച് കെസിബസി വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് സർട്ടിഫിക്കറ്റും ക്യാഷ് പ്രൈസും നല്കി. സമ്മാനാർഹരായ കുട്ടികളെയും മാതാപിതാക്കളെയും അധ്യാപകരെയും അനുമോദിച്ചു. ഉന്നത വിദ്യാഭ്യാസത്തോടൊപ്പം, നല്ല ജീവിതമാതൃകയും നേടണമെന്ന് ആർച്ചുബിഷപ് ഓർമ്മിപ്പിച്ചു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറലും പി.ഒ.സി. ഡയറക്ടറുമായ ഫാ. വർഗീസ് വള്ളിക്കാട്ട് അധ്യക്ഷത വഹിച്ചു. ശ്രീ. ടി.കെ. ജോസ് ഐ.എ.എസ്, ശ്രീ. സിബി മാത്യൂസ് ഐ.പി.എസ് എന്നിവർ പ്രസംഗിച്ചു. വിദ്യാഭ്യാസകമ്മീഷൻ സെക്രട്ടറി ഫാ. ജേക്കബ് പാലക്കാപ്പിള്ളി, ഫാ. ഷിബു സേവ്യർ ഒസിഡി, ഡോ. എഡ്വേർഡ് എടേഴത്ത് എന്നിവർ നേതൃത്വം നല്കി. കേരളത്തിലെ വിവിധ സ്കൂളുകളിൽ നിന്നായി 148 കുട്ടികൾ അവാർഡിന് അർഹരായി. **(കെസിബിസി, ദീപിക, 30/5/2016)**




## വാർത്തകൾ

# അർഹർക്കു ലഭിക്കേണ്ട നീതി കോടതികളുടെ ഔദാര്യമല്ല, ഉത്തരവാദിത്തം: ചീഫ് ജസ്റ്റിസ് അശോക് ഭൂഷൺ

**കൊച്ചി:** ആവശ്യക്കാരനു നീതി ലഭ്യമാക്കുകയെന്നതു കോടതികളുടെ ഔദാര്യമല്ല, ഉത്തരവാദിത്തമാണെന്നു ഹൈക്കോടതി ചീഫ് ജസ്റ്റിസ് അശോക് ഭൂഷൺ പറഞ്ഞു മനുഷ്യാവകാശങ്ങളും പൗരസ്വാതന്ത്ര്യവും നടപ്പാക്കാൻ അധികാരവും ബാധ്യതയുമുള്ള കോടതികൾ ഇക്കാര്യങ്ങളിൽ സംയമനം പാലിക്കുന്നത് ആശാസ്യമല്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സുപ്രീംകോടതി ജഡ്ജിയായി സ്ഥാനക്കയറ്റം കിട്ടിയ അദ്ദേഹത്തിനു ഹൈക്കോടതിയിൽ നൽകിയ യാത്രയപ്പു യോഗത്തിലാണ് ജസ്റ്റിസ് അശോക ഭൂഷന്റെ പ്രതികരണം. ഭരണഘടനയിലെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും സംരക്ഷിച്ചു നടപ്പാക്കാൻ കോടതിക്ക് ഉത്തരവാദിത്വവും അധികാരമുണ്ട്. ഉചിതമായ പരിഹാരം അനുവദിച്ചു നൽകുന്നതു ജഡ്ജിയുടെ ഔചിത്യമല്ല, ബാധ്യതയാണ്. കരുണയോടെ നീതി നടപ്പാക്കണം. എന്നാൽ, കരുണ നീതിക്കു പകരമല്ലെന്നും അദ്ദേഹം ഓർമപ്പെടുത്തി. .... **(മലയാള മനോരമ 13/5/2016)**

# വനിതകൾക്കു ഡീക്കൻ പദവി: പഠിക്കാൻ കമ്മീഷനെ നിയോഗിക്കാൻ തയ്യാറെന്നു മാർപാപ്പ

**വത്തിക്കാൻ സിറ്റി:** കത്തോലിക്കാ സഭയിൽ വനിതകളെ ഡീക്കനാക്കാൻ കഴിയുമോ എന്നു പഠിക്കാൻ കമ്മീഷനെ നിയോഗിക്കാൻ താൻ ഒരുക്കമാണെന്നു ഫ്രാൻസിസ് മാർപാപ്പ. നിലവിൽ പുരഷന്മാർക്കായി നീക്കിവച്ചിരിക്കുന്ന ഈ പദവിയിൽ സ്ത്രീകളെയും നിയോഗിക്കാനാകുമോ എന്നാണു പരിശോധിക്കുന്നത്. 900 പേർ വരുന്ന കന്യാസ്ത്രീ സമൂഹവുമായി നടത്തിയ ചർച്ചയിലാണു കമ്മീഷനെ വയ്ക്കണമെന്ന നിർദേശം മാർപാപ്പ അംഗീകരിച്ചത്. ഡീക്കന്മാർ പുരോഹിതരല്ല, കുർബാന അർപ്പിക്കുന്നത് ഒഴികെ വൈദികർ ചെയ്യുന്ന പല കർമങ്ങളും ഡീക്കന്മാർക്കും നിർവഹിക്കാം. നിലവിൽ കത്തോലിക്കാ സഭയിൽ വിവാഹിതരായവർക്കും ഡീക്കൻ പദവി വരെയെത്താം. വിവാഹിതർക്കു പക്ഷേ വൈദികപട്ടം നൽകില്ല. സ്ത്രീകൾക്കും വൈദികപട്ടം സാധ്യമല്ല. എന്നാൽ സഭയുടെ ആരംഭത്തിൽ സ്ത്രീകളെ ഡീക്കന്മാരാകാൻ അനുവദിച്ചിരുന്നുവെന്നു ചരിത്രകാരന്മാർ പറയുന്നു. **(മലയാള മനോരമ 13/5/2016)**

# ജീസസ് യൂത്ത് ലോകത്തിനു മാതൃക:

## കർദിനാൾ മാർ ബസേലീയോസ് ക്ലീമിസ് ബാവ

**അങ്കമാലി:** സുവിശേഷത്തിൽ ജീവിക്കുന്ന ക്രൈസ്തവ സമൂഹമായ ജീസസ് യൂത്ത് അല്മായ മുന്നേറ്റത്തിന്റെ പ്രവർത്തനം ലോകത്തിനു മാതൃകയാണെന്നു സിബിസിഐ പ്രസിഡന്റും മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ച് ബിഷപ്പുമായ കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കതോലിക്കാ ബാവാ. ജീസസ് യൂത്തിന് റോമിൽ നിന്നുള്ള പൊന്തിഫിക്കൽ കൗൺസിൽ ഫോർ ലെയ്‌ലിറ്റിയുടെ അംഗീകാരം കിട്ടിയതിന്റെ ഭാഗമായി നടന്ന ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജീസസ് യൂത്ത് യുവമുന്നേറ്റം ആധുനിക സമൂഹത്തിനു മുന്നിൽ വിശ്വാസജീവിതത്തിനു മാതൃകയും പ്രചോദനവുമാണെന്നു കെസിബിസി കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ മാർ റാഫേൽ തട്ടിൽ പറഞ്ഞു.

ജീസസ് യൂത്ത് ആധുനിക കാലഘട്ടത്തിൽ സഭയ്ക്കു വലിയൊരു പ്രതീക്ഷയും പ്രചോദനവുമാണെന്ന് ആർച്ച് ബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ പറഞ്ഞു. കാലഘട്ടത്തിന് അനുസൃതമായി സഭയെ മുന്നോട്ടു നയിക്കുന്നതിനുള്ള വലിയ ഉത്തരവാദിത്തമാണ് ജീസസ് യൂത്തിനുള്ളതെന്ന് സമാപനസമ്മേളനത്തിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പറഞ്ഞു. കേരളത്തിൽ 1985-ൽ ആരംഭിച്ച് ഇന്ന് മുപ്പത്തിയഞ്ചിലധികം രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ജീസസ് യൂത്തിന് റോമിലെ പൊന്തിഫിക്കൽ കൗൺസിൽ ഫോർ ലെയ്റ്റിയുടെ അംഗീകാരം ലഭിച്ചത് കഴിഞ്ഞ 22നാണ്. ഇതാദ്യമായാണ് ഭാരതസഭയിലെ ഒരു അല്മായ മുന്നേറ്റത്തിന് റോമിന്റെ അംഗീകാരം ലഭിക്കുന്നത്. ഏഷ്യയിൽ ഇത്തരത്തിൽ അംഗീകാരം ലഭിക്കുന്ന രണ്ടാമത്തെ പ്രസ്ഥാനം കൂടിയാണ് ജീസസ് യൂത്ത്. ...**(മലയാള മനോരമ 23/5/2016)**

# ഭാരതപ്പുഴ മലനീകരണം വിദഗ്ധ സമിതിയെ നിയോഗിക്കാൻ നിർദേശം

**കൊച്ചി:** ഭാരതപ്പുഴ മലിനീകരണവുമായി ബന്ധപ്പെട്ട കേസിൽ വിദഗ്ധ സമിതിയെ പരിശോധനയ്ക്കു നിയോഗിക്കാൻ ദേശീയ ട്രൈബ്യൂണലിന്റെ കൊച്ചി സർക്യൂട്ട് ബെഞ്ച് സർക്കാരിനോടു നിർദേശിച്ചു.

ജസ്റ്റീസ് സ്വതന്തർകുമാർ വിദഗ്ധാംഗം, ബിക്രംസിംഗ് സജ്‌വാൻ എന്നിവരുൾപ്പെട്ട ബെഞ്ചാണ് നിർദേശം നൽകിയത്. ഭാരതപ്പുഴ മലിനപ്പെടുന്നതു ചൂണ്ടിക്കാട്ടിയുള്ള പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ ഗ്രീൻട്രൈബ്യൂണൽ സ്വമേധയാ രജിസ്റ്റർ ചെയ്ത് കേസാണിത്. ഭാരതപ്പുഴയുടെ പുനരുദ്ധാരണത്തിനു വേണ്ടിയുള്ള 78 കോടി രൂപയുടെ പദ്ധതി ഇപ്പോഴും കടലാസിലാണെന്നും തൃശൂർ, മലപ്പുറം, പാലക്കാട് ജില്ലകളുടെ കുടിവെള്ള സ്രോതസുകൂടിയായ ഭാരതപ്പുഴയുടെ നാശം തടയണമെന്നും ആവശ്യപ്പെടുന്ന മാധ്യമവാർത്തകളാണ് ട്രൈബ്യൂണൽ ആധാരമാക്കിയത്. **(ദീപിക 24/5/2016)**

# സർക്കാരിനു വിജയാശംസ നേർന്ന്

## കർദിനാൾ മാർ ജോർജ് ആലഞ്ചേരി

**കൊച്ചി:** മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രിമാർക്കും എൽഡിഎഫ് സർക്കാരിനും സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി വിജയാശംസകൾ നേർന്നു. ജനവിധി നേടിയ എൽഡിഎഫ് സർക്കാരിനു ജനാധിപത്യ രീതിയിൽ ജനഹിതം നിറവേറ്റാൻ സാധിക്കട്ടെ. വികസനത്തിന്റെ പാതയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തിയാക്കിയും പുതിയ പദ്ധതികൾ ആവിഷ്കരിച്ചും കേരളജനതയുടെ പുരോഗതി സാക്ഷാത്കരിക്കാൻ സർക്കാരിനു കഴിയട്ടെ എന്നാശംസിക്കുന്നു. സാമുദായിക വിഭാഗീയതകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും ഭാവിയിൽ സമുദായസൗഹാർദം അഭംഗുരം കാത്തുസൂക്ഷിക്കുന്നതിനും പുതിയ സർക്കാരിനു കഴിയുമെന്നു പ്രതീക്ഷിക്കുന്നു. ഇക്കാര്യത്തിൽ കേരളം ഇതരസംസ്ഥാനങ്ങൾക്കും ഒരു മാതൃകയാകട്ടെയെന്നും കർദിനാൾ ആശംസിച്ചു. ... **(ദീപിക 26/5/2016)**

# പുതിയ സർക്കാരിന്റേത് നല്ല തുടക്കം:

## കർദിനാൾ മാർ ബസേലിയൂസ് ക്ലീമിസ് ബാവ

**തിരുവനന്തപുരം:** പിണറായി വിജയൻ സർക്കാരിന്റേതു നല്ല തുടക്കമാണെന്നു സിബിസിഐയുടെയും കെസിബിസിയുടെയും പ്രസിഡന്റും മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ച് ബിഷപ്പുമായ കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. മുഖ്യമന്ത്രി പിണറായി വിജയനെ അദ്ദേഹത്തിന്റെ സെക്രട്ടറിയറ്റിലെ ഓഫീസിൽ സന്ദർശിച്ചതിനുശേഷം മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിനു മറുപടി പറയുകയായിരുന്നു. അദ്ദേഹമ പുതിയ മുഖ്യമന്ത്രിക്കു വിജയാശംസകൾ നേർന്നു. നന്മയുള്ള, വികസനമുള്ള കേരളം, എല്ലാവർക്കും ഫലമുള്ള കേരളം അതിന് തങ്ങളുടെ സഹകരണം വാഗ്ദാനം ചെയ്തു. പിണറായി വിജയൻ സന്തോഷത്തോടെ ആ സഹകരണം ആവശ്യമുണ്ട് എന്നു പറഞ്ഞു. നല്ല ഒരു സംഭാഷണമാണ് നടന്നത്. എല്ലാ വിഷയങ്ങളെക്കുറിച്ചും വിശാലമായി സംസാരിക്കാനുള്ള എല്ലാ സാധ്യതകളും അദ്ദേഹം തുറന്നിട്ടുണ്ട്. എല്ലാവർക്കും വേണ്ടിയുള്ളതാണു ഭരണം എന്ന ചിന്തയുണ്ട്. അതെല്ലാം വളരെ പോസിറ്റീവ് ആയാണു കാണുന്നത്. മുഖ്യമന്ത്രിയെ മലങ്കര കത്തോലിക്കാ സഭയുടെ ആശംസ അറിയച്ചതായും കർദിനാൾ പറഞ്ഞു. ... **(ദീപിക 27/5/2016)**

# ഹരിത ട്രൈബ്യൂണൽ വിധിക്ക് ഹൈക്കോടതി സ്റ്റേ

**കൊച്ചി:** സംസ്ഥാനത്ത് 2000 സി.സി.ക്കും അതിന് മുകളിലും ശേഷിയുള്ള ഡീസൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ദേശീയ ഹരിത ട്രൈബ്യൂണൽ ഏർപ്പെടുത്തിയ വിലക്ക് ഹൈക്കോടതി സ്റ്റേ ചെയ്തു. രണ്ട് മാസത്തേക്കാണ് സ്റ്റേ. എന്നാൽ പത്ത് വർഷത്തിലേറെ പഴക്കമുള്ള ഡീസൽ വാഹനങ്ങളെ കേരളത്തിലെ ആറ് പ്രധാന നഗരങ്ങളിൽ വിലക്കുന്ന ട്രിബ്യൂണൽ വിധിയിൽ ഹൈക്കോടതി ഇടപെട്ടില്ല. കളമശ്ശേരിയിലെ നിപ്പോൺ മോട്ടോർ കോർപ്പറേഷൻ പ്രൈവറ്റ് ലിമിറ്റഡ് നൽകിയ ഹർജിയിൽ ജസ്റ്റിസ് പി.ബി. സുരേഷ് കുമാറിന്റേതാണ് ഉത്തരവ്. വസ്തുതകൾ പഠിക്കാതെയാണ് ട്രിബ്യൂണലിന്റെ ഉത്തരവെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. ...**(മാതൃഭൂമി 28/5/2016)**

# പൂട്ടിയ ബാറുകൾ തുറക്കില്ല, മദ്യവിൽപന കുറഞ്ഞിട്ടില്ല: മന്ത്രി ടി.പി. രാമകൃഷ്ണൻ

**കോഴിക്കോട്:** സംസ്ഥാനത്തെ പൂട്ടിയ ബാറുകൾ തുറക്കില്ലെന്നു എക്സൈസ്, തൊഴിൽ മന്ത്രി ടി.പി. രാമകൃഷ്ണൻ. ബാറുകൾ പൂട്ടിയെന്നതു പ്രചാരവേലമാത്രമാണ്. പൂട്ടി എന്നുപറയുന്ന ബാറുകളിൽ ബിയറും വൈനും വിൽപന നടത്തി വരുന്നു. ബിവറേജ് ഔട്ട്ലെറ്റുകൾ പലതും പൂട്ടിയെങ്കിലും മദ്യവിൽപന കുറഞ്ഞിട്ടില്ലെന്നും മന്ത്രി പറഞ്ഞു. നിലവിലെ മദ്യനയത്തിന്റെ പ്രായോഗികത പരിശോധിക്കും. മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുകയാണ് എൽഡിഎഫ് സർക്കാരിന്റെ ലക്ഷ്യം. മദ്യവർജനം ലക്ഷ്യമിട്ടുള്ള വിവിധ പദ്ധതികൾ പ്രാവർത്തികമാക്കുമെന്നും അദ്ദേഹം പറഞ്ഞു. കാലിക്കട്ട് പ്രസ്ക്ലബിൽ മുഖാമുഖം പരിപാടിയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ... **(ദീപിക 28/5/2016)**

# സമുദായ പ്രവർത്തനം വർഗീയത വളർത്താനാകരുത്: ആർച്ച് ബിഷപ് ഡോ. സൂസപാക്യം

**കൊച്ചി:** വർഗീയത വളരാൻ സമുദായ പ്രവർത്തനം കാരണമാകരുതെന്നു കെ.ആർ.എൽ.സി.സി പ്രസിഡന്റ് ആർച്ച് ബിഷപ് ഡോ. എം. സൂസപാക്യം.

രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങളുടെയും നന്മയ്ക്കും ക്ഷേമത്തിനും വികസനത്തിനും ഉതകുന്ന രീതിയിലാവണം സമുദായപ്രവർത്തനം. വർഗീയവാദം ശക്തിപ്പെടുത്തുന്നതിനോ ഭിന്നതകൾ സൃഷ്ടിക്കാനോ സമുദായ സംഘടനകൾ നിലകൊള്ളരുതെന്നും അദ്ദേഹം കെആർഎൽസിസി രാഷ്ട്രീയകാര്യ സമിതിയോഗത്തിലെ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഫലങ്ങളും സമകാലിക രാഷ്ട്രീയവും യോഗം ചർച്ചചെയ്തു. പ്രകടനപത്രിക നടപ്പിലാക്കാൻ ഇടതു സർക്കാർ പ്രതിജ്ഞാബദ്ധമാകണമെന്നും ജൂലൈയിൽ അവതരിപ്പിക്കുന്ന ബജറ്റിൽ അതിന്റെ സൂചനകൾ ഉണ്ടാവണമെന്നും യോഗം ആവശ്യപ്പെട്ടു. ... **(ദീപിക 28/5/2016)**

# മനുഷ്യക്കടത്ത് തടയാൻ ബിൽ: കരട് പുറത്തിറക്കി

**ന്യൂഡൽഹി:** മനുഷ്യക്കടത്തു തടയുന്നതിനും ഇരകളുടെ സംരക്ഷണവും പുനരധിവാസവും ഉറപ്പാക്കുന്നതിനും കേന്ദ്ര സർക്കാർ പുതിയ ബിൽ തയ്യാറാക്കുന്നു. മനുഷ്യക്കടത്ത് തടയൽ, സംരക്ഷണ, പുനരധിവാസ ബിൽ 2016ന്റെ കരട് വനിത ശിശുക്ഷേമ മന്ത്രി മേനകാ ഗാന്ധി ഇന്നലെ പുറത്തിറക്കി. ഈവർഷം അവസാനത്തോടെ ബിൽ പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശം. നിലവിലെ സാഹചര്യത്തിൽ മനുഷ്യക്കടത്തുനടത്തുന്നവരെയും ഇരകളാകുന്നവരെയും കുറ്റവാളികളായി പരിഗണിക്കുന്ന സ്ഥിതിയാണു രാജ്യത്തുള്ളത്.

ഇരകളുടെ അവകാശങ്ങൾക്ക് പൂർണ പരിഗണന നൽകി അവരെ സംരക്ഷിക്കാനും പുനരധിവസിപ്പിക്കാനുമുള്ള രീതി ഉണ്ടാകുന്ന തരത്തിലാണു ബില്ലിനു രൂപം നല്കിയിരിക്കുന്നതെന്നു മന്ത്രി വ്യക്തമാക്കി. എല്ലാ ജില്ലകളിലും കളക്ടറുടെയോ മജിസ്ട്രേറ്റിന്റെയോ നേതൃത്വത്തിൽ മനുഷ്യക്കടത്തു തടയാൻ സമിതികൾ രൂപീകരിക്കും. എല്ലാ ജില്ലകളിലും നടക്കുന്ന മനുഷ്യക്കടത്ത് കേസിന്റെ ഉത്തരവാദിത്തം ഈ സമിതിക്കായിരിക്കും. ഇരകൾക്കു സർക്കാർ അഭയ മന്ദിരങ്ങളിൽ സുരക്ഷിതമായ താമസം ഒരുക്കണം. കുറ്റവാളികളെ കണ്ടെത്തി ശിക്ഷിക്കുന്നതിനൊപ്പം ഇരയാക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും ബില്ല് മുഖ്യപരിഗണന നൽകുന്നു.

ഇതിനായി സംസ്ഥാന തലത്തിൽ ഫണ്ടിനു രൂപം നൽകും. മറ്റുസംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നും കടത്തിക്കൊണ്ടു വന്നവരെ അവരവരുടെ നാടുകളിലെത്തിക്കാൻ ബന്ധപ്പെട്ട വകുപ്പുകളുമായി കൂട്ടായ പ്രവർത്തനം ഉറപ്പാക്കണം. ഇരകളുടെ പേരോ തിരിച്ചറിയാവുന്ന വിവരങ്ങളോ വെളിപ്പെടുത്തരുതെന്നും ബില്ലിന്റെ കരടുരൂപത്തിൽ നിർദേശിക്കുന്നു. ജോലിക്ക് ആളെ എത്തിച്ചു നൽകുന്നതിനായി നൽകുന്ന പരസ്യങ്ങൾ മനുഷ്യക്കടത്തിന് മറയായി ഉപയോഗിക്കുന്ന ഒട്ടേറെ കേസുകൾ ഉണ്ടായ സാഹചര്യത്തിൽ പ്ളേസ്മെന്റ് ഏജൻസികളുടെ റജിസ്ട്രേഷൻ കർശനമാക്കും.

ലൈംഗിക വ്യാപാരത്തിന് ഉപയോഗിക്കാനായി പെൺകുട്ടികളിൽ ഹോർമോണുകൾ കുത്തിവയ്ക്കുന്നതും ഭിക്ഷാടനത്തിന് നിയോഗിക്കാനായി രാസവസ്തുക്കൾ പ്രയോഗിച്ച് ശരീരത്തിൽ വൈകല്യങ്ങളുണ്ടാക്കുന്നതും കുറ്റകരമാണ്. വനിതാ ശിശുക്ഷേമ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ബില്ലിന്റെ കരടു സംബന്ധിച്ച് പൊതുജനങ്ങൾക്കും സംഘടനകൾക്കു സാമൂഹിക പ്രവർത്തകർക്കും അഭിപ്രായങ്ങളറിയിക്കാം. **(ദീപിക 31/5/2016)**

# കെ.സി.ബി.സി. അവാർഡുദാനവും മാധ്യമദിനാഘോഷവും

**കൊച്ചി:** ലോകസമ്പർക്ക മാധ്യമദിനാഘോഷവും കെ.സി.ബി.സി. അവാർഡുവിതരണവും **പാലാരിവട്ടത്ത് പി.ഒ.സി.യിൽ 2016 ജൂൺ 19, വൈകിട്ട് 5.00-ന്** നടക്കും. സാഹിത്യ മാധ്യമ മേഖലകളിൽ 2015-ൽ ശ്രദ്ധേയമായ സംഭാവനകൾ നല്കിയ പ്രൊഫ. ജോയിക്കുട്ടി പാലത്തുങ്കൽ, ഡോ. സ്കറിയ സക്കറിയ, ശ്രീ. റെജി ജോസഫ്, ശ്രീ. നിവിൻ പോളി എന്നിവർക്ക് അവാർഡുകളും, റവ. ഡോ. ജസ്റ്റിൻ പനക്കൽ, ഡോ. ബിയാട്രിക്സ് അലക്സിസ്, റവ. ഡോ. ജേക്കബ് തെക്കേപറമ്പിൽ, റവ. ബ്ര. മാവുരൂസ് മാളിയേക്കൽ, ശ്രീ. ജോസ് വരാപ്പുഴ എന്നിവർക്ക് ഗുരുപൂജാ പുരസ്കാരങ്ങളും കെ.സി.ബി.സി. മാധ്യമക്കമ്മീഷൻ ചെയർമാൻ റവ. ഡോ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ സമ്മാനിക്കും. അനുമോദനസമ്മേളനം ബഹുമാന്യയായ കൊച്ചി മേയർ ശ്രീമതി സൗമിനി ജെയിൻ ഉദ്ഘാടനം ചെയ്യും. സമ്മേളനാനന്തരം തിരുവനന്തപുരം സംസ്കൃതിയുടെ **മേരാ നാം ജോക്കർ** എന്ന നാടകവും അവതരിപ്പിക്കപ്പെടും.